TRUTH SHALL MAKE YOU FREE

# മലങ്കരസഭ

## മാസിക



ചങ്ങനാശ്ശേരി അതിരൂപതാ ശതാബ്ദിസമാപനചടങ്ങ് എസ്. ബി. കോളജ് അങ്കണത്തിൽ പ. കാതോലിക്കാബാവാ ഉത്ഘാടനം ചെയ്യുന്നു.
ഇടത്തുനിന്ന് ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ, കർദ്ദിനാൾ ലൂർദുസ്വാമി, ആർച്ച് ബിഷപ്പ് ബനഡിക് മാർ ഗ്രീഗോറിയോസ്, ആർച്ച് ബിഷപ്പ് കോർണേലിയസ് ഇലഞ്ഞിക്കൽ എന്നിവരെയും കാണാം.


1987
സെപ്തംബർ
ലക്കം 9
പുസ്തകം 42



പാവന സ്മരണയ്ക്ക്

ഒന്നാം ചരമ വാർഷികം

24—9—1987.



Rev. Fr. YAKUB, O. D. C.
Betheny Asramam,
R. PERUNAD.

Inserted by:

സന്തപ്ത കുടുംബാംഗങ്ങൾ


# മലങ്കരസഭ

10—9—1987


# സെമിനാരിദിനം

## പ. ബാവാ തിരുമനസ്സിലെ കല്പന

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയുടെ വളർച്ചയിൽ നിർണായകമായ പങ്കു വഹിക്കുന്ന സ്ഥാപനമാണല്ലോ വൈദിക സെമിനാരി. ഉത്തമരായ വൈദികരെ പരിശീലിപ്പിക്കുന്നതിലും, വേദശാസ്ത്രഗവേഷണരംഗത്തും അത്മായ പരിശീലനത്തിലും നമ്മുടെ വൈദികസെമിനാരി നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നു. സെമിനാരി സ്നേഹിതരായി ചേർന്ന് നിങ്ങളിൽ പലരും സെമിനാരിയെ സഹായിച്ചുകൊണ്ടിരിക്കുന്നു എന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷം ഉണ്ട്.

ബിരുദാനന്തര പഠനത്തിനുള്ള വിദ്യാർത്ഥികളടക്കം 95 പേർ ഇപ്പോൾ സെമിനാരിയിൽ പഠനം നടത്തുന്നു. ഈ വർഷം സെമിനാരി പ്രവേശനത്തിന് പൂർവ്വാധികം തിരക്കുണ്ടായിരുന്നുവെങ്കിലും സൗകര്യങ്ങൾ പരിമിതമായതിനാൽ 26 പേരെ മാത്രമേ എടുക്കുവാൻ കഴിഞ്ഞുള്ളു.

പഠനത്തിനും താമസത്തിനും സെമിനാരിയിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈനംദിന ചെലവുകൾ വളരെയധികം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഈ ചെലവുകൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് സെമിനാരി ദിനപ്പിരിവിനെയാണ്. ഈ വർഷം ഒക്ടോബർ 4—ാം തീയതി ഞായറാഴ്ച സെമിനാരിദിനമായി ആചരിക്കുകയും സെമിനാരിക്കുവേണ്ടി പ്രാർത്ഥിക്കുകയും കവർ പിരിവ് ഊർജ്ജിതമായി നടത്തുകയും വേണം. അന്ന് വി. കുർബ്ബാന ഇല്ലാത്ത പള്ളികളിൽ അതിനടുത്ത് വി. കുർബ്ബാനയുള്ള ഞായറാഴ്ച സെമിനാരി ദിനമായി ആചരിക്കണം. കവർപിരിവിൽനിന്നു ലഭിക്കുന്ന സംഭാവനയും, അന്നത്തെ കാണിക്കയും, പള്ളിയിൽ നിന്നുള്ള സംഭാവനയും ചേർത്ത് ഒക്ടോബർ 31—നു മുമ്പായി പ്രിൻസിപ്പൽ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം—1 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. കൂടാതെ ഉത്തമരായ വ്യക്തികളെ വൈദികാഭ്യസനത്തിനു പ്രോത്സാഹിപ്പിക്കുവാൻ നിങ്ങൾ ശ്രമിക്കുകയും ചെയ്യണം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1987 ആഗസ്റ്റ് 5—ാം തീയതി, കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്ന്.

## ഈ ലക്കത്തിൽ


* സെമിനാരിദിനം
* കഷ്ടതകളെ നാം എങ്ങനെ അഭിമുഖീകരിക്കണം
* 'ആ ഗലീലക്കാർ ഇതു് അനുഭവിക്കയാൽ....
* ഖിലായ് മിഷന്റെ മക്കോഡിയ ശാഖ
* 'താരക'യിലെ നിരൂപണത്തിന് ഒരു പ്രത്യാഖ്യാനം
* മൂന്ന് പഞ്ചവത്സരപദ്ധതികൾ
* യൂറോപ്പിൽ സെ. ഗ്രീഗോറിയോസ് ഇടവക
* ബൈബിൾ നാമകോശം
* യേശുനാഥന്റെ പൂന്തോട്ടം
* ഒരു വിശദീകരണം
* അനുതാപഗീതങ്ങൾ
* മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
* റമ്പാൻസ്ഥാനം നൽകി
* സഭാവാർത്തകൾ

6. ആത്മീയശക്തിയും ശുദ്ധീകരണവും ഉറപ്പും ഉണ്ടാകുന്നതിനും, കഷ്ടത സഹായിക്കുന്നു. ''കഷ്ടത, സഹിഷ്ണതയേയും, സഹിഷ്ണത സിദ്ധതയേയും, സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു'' (റോമ. 5:34) ''പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടതകളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി'' (എബ്രാ. 5:8) ''അവനോ നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്, ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നതു'' (എബ്രാ, 12:10)

7. കഷ്ടത കഴിഞ്ഞുള്ള ആശ്വാസത്തിന്റെ മാററ് വർദ്ധിക്കുന്നതിന്, കഷ്ടതയുടെ ആധിക്യം സഹായിക്കും. ധനവാന്റെ പടിക്കൽ കിടന്ന ലാസറിന്, അബ്രാഹാമിന്റെ മടിയിൽ ഉണ്ടായിരുന്ന മററ് അനേകരെക്കാളും ആശ്വാസം ലഭിച്ചുകാണും (വി. ലൂക്കോ. 16:20–25) അത്രമാത്രം അവൻ ഭൂമിയിൽ വെച്ച് കഷ്ടമനുഭവിച്ചുവല്ലൊ. ഈ ലോകത്തിൽ വെച്ച് വലിയ കഷ്ടതകൾ അനുഭവിച്ചവർക്ക്, സ്വർഗ്ഗത്തിൽ വലിയ ആശ്വാസം ലഭിക്കുന്നതിന്റെ ചിത്രം, വെളിപാടു പുസ്തകത്തിലും കാണാം. അവിടെ അവർ അത്യുച്ചത്തിൽ ആർത്തു് വിളിക്കുന്നതും, ദൈവം അവരുടെ കണ്ണിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചു കളയുന്നതും വിവരിച്ചിരിക്കുന്നു (വെളി. 7:9–17)

8. ആർക്കെങ്കിലും നമ്മോട് വെറുപ്പോ, പ്രതികാരബുദ്ധിയോ അസൂയയോ ഉണ്ടെങ്കിൽ, നാം കഷ്ടതയനുഭവിക്കുമ്പോൾ അവക്ക് മന:പരിവത്തനമുണ്ടായി നമ്മോട് സഹതപിക്കുകയും നമ്മെ സ്നേഹിക്കുകയും ചെയ്യുവാൻ ഇടയാകുന്നു. അമ്മാവിയമ്മയെക്കുറിച്ച് പരാതിപ്പെടുന്ന മരുമക്കളുടെ മനസ്സ്, അമ്മാവിയമ്മയ്ക്ക് രോഗം വരുമ്പോൾ മാറുന്നു. അവൾ അമ്മാവിയമ്മയോട് സഹതപിക്കുവാൻ തുടങ്ങുമ്പോൾ പരാതിയെല്ലാം മറക്കുന്നു.

9. കഷ്ടത വരുമ്പോഴാണ്, കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനും, ആശ്വസിപ്പിക്കുന്നതിനും നാം കൂടുതൽ പ്രാപ്തരാകുന്നതു്. ''ഞങ്ങൾ കഷ്ടത സഹിക്കുന്നു എങ്കിൽ, അതു് നിങ്ങളുടെ ആശ്വാസത്തിനും രക്ഷയ്ക്കുമാകുന്നു.'' (2 കൊരി. 1:6a) എന്നും ''ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ടു്, ഞങ്ങൾ യാതൊരു വിധത്തിലുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിന്, ഞങ്ങളുടെ കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.'' (2 കൊരി. 1:4) എന്നും വി. പൗലോസ് പറയുന്നു.

**ഉപസംഹാരം.**

കഷ്ടതമൂലം മററുള്ളവരെ ആശ്വസിപ്പിക്കുന്നതിനുള്ള മനസ്സുണ്ടാകുന്നു എങ്കിൽ, കഷ്ടതയിൽ ഇരിക്കുമ്പോൾ, അതിനുള്ള കഴിവു് കുറഞ്ഞുപോകുന്നു. അതിനാൽ കഷ്ടതയിൽ ഇരിക്കുന്നവരെ സഹായിക്കുന്നതിനുള്ള കഴിവുണ്ടാകേണ്ടതിന്, കഷ്ടത മാറേറണ്ടതും ആവശ്യമാണ്. എന്നാൽ കഷ്ടത മാറുമ്പോൾ പലരും കഷ്ടത മാററിയ ദൈവത്തെയും തന്റെ മക്കളെയും മറന്നുപോകുന്നുണ്ട്. മററു ചിലർ കഷ്ടത വരുമ്പോൾ ദൈവത്തിൽനിന്ന് അകന്നുപോകുന്നു. രണ്ടു കൂട്ടർക്കും ഉപബോധനം (counselling) ആവശ്യമാണ്.

**(മാത്യൂസ് മാർ ബർന്നബാസ്**
**മെത്രാപ്പോലീത്താ)**

**17–ാം ചരമവാർഷികം**
1987 സെപ്ററംബർ 10



**തോട്ടത്തിവീട്ടിൽ**
**ഗീവർഗീസ് കത്തനാർ**

'' ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികനെ
നിന്നാഗമന മഹാനാളിൽ
ഓത്ത് മുഖ പ്രഭയേകണമേ ''



# 'ആ ഗലീലക്കാർ.......................... പാപികളായിരുന്നു എന്നു തോന്നുന്നുവോ' (തുടർച്ച)

(വി. ലൂക്കോ. 13: 2)

**മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ**

**കഷ്ടതകൊണ്ടുണ്ടാകുന്ന നന്മകൾ**

ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് കഷ്ടത നന്മയ്ക്കായി തീരുമെന്നുള്ള സത്യം പലപ്പോഴും നാം വിസ്മരിച്ചുപോകുന്നു. ''കഷ്ടത സഹിഷ്ണതയേയും, സഹിഷ്ണത സിദ്ധതയേയും, സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു'' (റോമ. 5:3) ''പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി'' (എബ്രാ. 5:8). ''നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നതു'' (എബ്രാ. 12:10). ''നിന്റെ ചട്ടങ്ങളെ ഞാൻ പഠിക്കേണ്ടതിന് ഞാൻ കഷ്ടതയിലായതു് എനിക്കു് ഗുണമായി'' (സങ്കീ. 119:71).

കഷ്ടത വരുമ്പോഴാണ് നാം കൂടുതൽ വിനയമുള്ളവരായി തീരുന്നതു്. ഞാൻ നിസ്സഹായനാണ് എന്നും, എന്റെ ദൈവം മാത്രമാണ് എന്റെ സങ്കേതമെ''ന്നും പറഞ്ഞു്, ദൈവത്തിൽ ആശ്രയിക്കുന്നതിനും, ഏററവും താണവരോടും താദാത്മ്യം പ്രാപിച്ച് അവരെ ബഹുമാനിക്കുന്നതിനും, കഷ്ടത നമ്മെ സഹായിക്കുന്നു.

കഷ്ടത വരുമ്പോഴാണ്, നമ്മുടെ ധനവും കഴിവുകളുമെല്ലാം ദൈവത്തിന്റെ ദാനമാണെന്ന് ഓർത്തു്, ദൈവത്തിന്റെ മക്കളെ സഹായിക്കാൻ ഉത്സാഹിക്കുന്നതു്. നമുക്കുണ്ടായ കഷ്ടതകൾ മററുള്ളവരിൽ കാണുമ്പോൾ, അവരുമായി താദാത്മ്യം പ്രാപിച്ച് സഹായിക്കുന്നതിനും സാധിക്കുന്നു.

**V. മരണാനന്തരം ലഭിക്കുന്ന സൗഭാഗ്യം**

ആത്യന്തികമായി നാം കഷ്ടതയിൽ കൂടി ശുദ്ധീകരിക്കപ്പെട്ട്, ശക്തി പ്രാപിച്ച് കൂടുതൽ ദൈവികരായിതീരുകയും, സ്വർഗ്ഗീയ സന്തോഷത്തിലും സമാധാനത്തിലും ചെന്നെത്തുകയും ചെയ്യുന്നു. ധനവാന്റെ പടിക്കൽ കിടന്ന ലാസർ അബ്രാഹാമിന്റെ മടിയിലേക്കുപോയി. അവൻ ദരിദ്രനായിരുന്നു; വ്രണം നിറഞ്ഞവനായിരുന്നു; പട്ടിണിക്കാരനായിരുന്നു; കിടപ്പാടമില്ലാത്തവനായിരുന്നു; മനുഷ്യസഹവാസം ഇല്ലാത്തവനായിരുന്നു. നാമും ഇതുപോലെയുള്ള കഷ്ടതകളിൽ കൂടി പോയാലും, നിരാശപ്പെടേണ്ടതില്ലെന്ന്, ഈ ഉപമയിൽ കൂടി കർത്താവ് നമ്മെ പഠിപ്പിക്കുന്നു (വി. ലൂക്കോ. 16:19–31). ''നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു്. ദൈവത്തിൽ വിശ്വസിപ്പീൻ'' എന്നിലും വിശ്വസിപ്പീൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു് ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു് പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്നിടത്തു് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും'' (വി. യോഹ. 14: 1–3), എന്ന് കർത്താവ് പറയുന്നു. ഈ വചനങ്ങൾ നങ്കൂരമെന്നപോലെ നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതാകുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, കർത്താവിന്റെ വചനങ്ങൾ ഒഴിഞ്ഞുപോകുകയില്ല (വി. മത്താ 24:35). അതുകൊണ്ട് നാം, ഒരിക്കലും ഒരു കഷ്ടതയിലും നിരാശപ്പെടേണ്ടതില്ല. കർത്താവിന്റെ മഹത്വത്തോടെയുള്ള ഉയിർത്തെഴുന്നേല്പും സ്വർഗ്ഗാരോഹണവും ഈ സത്യം തന്നെ ഉറപ്പിക്കുന്നു.

വെളിപാട് പുസ്തകത്തിൽ, വെള്ളനിലയങ്കി ധരിച്ച് കൈയിൽ കുരുത്തോലയുമായി, അത്യുച്ചത്തിൽ രാപകൽ ദൈവത്തെ ആരാധിക്കുന്നവരെക്കുറിച്ച്, ''ഇവർ മഹാകഷ്ടത്തിൽ നിന്ന് വന്നവർ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു'' (വെളി. 7:9–14) എന്ന് നാം വായിക്കുന്നു.

**VI. നമ്മുടെ കർത്തവ്യം**

കഷ്ടതകൾ വരുമ്പോൾ പലരും നിരാശപ്പെട്ടു പോകുന്നതും നമുക്കറിയാം. അവർക്കു് ആവശ്യമായ ഉപബോധനം (Counselling) നൽകേണ്ടതു് നമ്മുടെ കർത്തവ്യമാണ്. ഇയ്യോബിന്റെ ഭാര്യ നിരാശപ്പെട്ടു് പറഞ്ഞതു് ശ്രദ്ധേയമാണ് ''നീ ഇനിയും നിന്റെ ഭക്തി മുറുകെപിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചുപറഞ്ഞു് മരിച്ചുകളക'' (ഇയ്യോ. 2:9) എന്ന് അവൾ പറഞ്ഞു. അതുപോലെ കർത്താവിനോടു കൂടെ കുരിശിക്കപ്പെട്ടവരിൽ ഒരാൾ (പാരമ്പര്യമനുസരിച്ച് ഇടത്തുഭാഗത്തെ

തോടുകൂടി നാലായിരത്തിലധികം യൂയോമയ സുറിയാനികുടുംബങ്ങൾ നിർദ്ധനരും നിരാധാരരും അധിക്ഷിപ്തരുമായിത്തീരുകയും സി. എം. എസ്. സഭയും യാക്കോബായ സഭയും അവരെ കൈക്കൊൾവാൻ വിസമ്മതിക്ക കാരണം അവർ തങ്ങളുടെ ഏകരക്ഷാമാർഗ്ഗമായിക്കണ്ട നവീകരണ (മാർത്തോമ്മാ) സഭയിൽ അഭയം പ്രാപിച്ചശേഷം അവർ നവീകരണസഭയിൽ നട്ടുപിടിപ്പിച്ച വികൃതികളുടെ ഒരു പട്ടിക ഈ ലേഖകൻ ഉദ്ധരിച്ചതെല്ലാം ബഹു. നിരൂപകൻ നിരാകരിച്ചിരിക്കുകയാണ്. 1123 കന്നി 26—ാം തീയതിയിലെ ഒരു കത്തോടുകൂടി പ്രസ്തുത പട്ടിക യശ. ശരീരനായ ശ്രീ ചിത്രമെഴുത്തു കെ. എം. വർഗീസ്, മി. കെ. എൻ. ദാനിയേലിനു അയച്ചുകൊടുത്തതിന്, പരേതനായ മി. ദാനിയേൽ തൻെറ ജീവിതകാലത്തിൽ മറുപടി പറഞ്ഞിട്ടില്ല. അദ്ദേഹത്തിനു പട്ടികയിൽ പറഞ്ഞിട്ടുള്ള യൂയോമയ വികൃതികൾ നല്ല നിശ്ചയവുമായിരുന്നുവെന്ന് പറഞ്ഞാൽ പിന്നെ ബഹു. താരകപത്രാധിപർ ഇതിനെ നിരാകരിച്ചിട്ടുഫലമില്ല.

**നവീകരണ സഭയും സി. എം. എസും**

''തങ്ങൾ വീണ്ടെടുത്ത സ്വാതന്ത്ര്യം ആംഗ്ലിക്കൻസിനു അടിയറവയ്ക്കാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ തയ്യാറല്ലായിരുന്നു''വെന്നു ബഹു: താരക എഡിററർ പ്രസ്താവിക്കുന്നതുപോലെയല്ല അതു സംബന്ധിച്ച ചരിത്രരേഖകൾ. സിമ്മനാരികേസ് തോററശേഷം നവീകൃത (മാർത്തോമ്മാ) സഭയെ ആംഗ്ലേയ സഭയിൽ ലയിപ്പിക്കുന്നതിലേക്ക് മിഷണറി സായ്പന്മാരും മി. ജെ. വർഗീസ് ശിരസ്തദാർ (പിന്നീടു മാർത്തോമ്മാസമുദായ സെക്രട്ടറി) മുതലായ ഉന്നതനിലയിലുള്ള മാർത്തോമ്മാ പ്രമുഖന്മാരും ബഹുധാ യത്നിച്ചതാണ്. മി. ജെ. വർഗീസ് അതു സംബന്ധിച്ച് പല ലേഖനങ്ങളും എഴുതീട്ടുമുള്ളതാണ്. എന്നാൽ കാര്യം കുറേക്കൂടി ചുഴിഞ്ഞാലോചിച്ചപ്പോൾ, നവീകൃതസഭ സി. എം. എസ്.—ൽ ലയിക്കുന്ന പക്ഷം (മാർതോമസ് അത്താനാസ്യോസിൻെറ കാലശേഷം) പാലക്കുന്നത്തു തറവാട്ടിൽ മെത്രാൻ സ്ഥാനം പിന്നീടു അവശേഷിക്കുന്നതല്ലെന്ന്, ബുദ്ധിമാന്മാരായ ചിലർക്കു മനസ്സിലായി. പാലക്കുന്നത്തു കുടുംബത്തോടുള്ള വിവിധരൂപത്തിലുള്ള ബന്ധം കൊണ്ടായിരുന്നു നവീകൃത സഭയിൽ ഭൂരിപക്ഷം ജനങ്ങളും മാർ തോമസ് അത്താനാസ്യോസിൻെറ കഷ്ടതകളിലും ദുരിതങ്ങളിലും അദ്ദേഹത്തെ


**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



സുജിത് പൗലൂസ്, ഇരിങ്ങാലക്കട.

മേജർ മിസ്സിസ്. കെ. തോമസ്.



അന്നമ്മ തോമസ്, കൊല്ലം.

സണ്ണി.

കുഞ്ഞ്.




അനുഗമിച്ചത്. പാലക്കുന്നത്തു തറവാട്ടിൽ മെത്രാൻ സ്ഥാനം പരിരക്ഷിക്കപ്പെടണമെന്ന് മാർ മത്യൂസ് അത്താനാസ്യോസിനും മാർ തോമസ് അത്താനാസ്യോസിനും നിർബന്ധവുമുണ്ടായിരുന്നു. പക്ഷെ 'കാക്കതേടി, കുമ്പളത്തി ഉണ്ടു' എന്ന മട്ടിൽ തങ്ങളുടെ പ്രയത്നഫലവും മേല്പട്ടസ്ഥാനവും എന്നേക്കുമായി ഒരു യൂറോപ്യൻ ബിഷോപ്പിൽ ലയിക്കുക എന്നുള്ളത് പാലക്കുന്നത്തു കുടുംബത്തോടു സ്നേഹവും സഹതാപവുമുള്ള എല്ലാവർക്കും സങ്കടകരമായിരുന്നു. നേരെമറിച്ച് യാക്കോബായക്കാർ സിമ്മനാരികേസ് തോൽക്കുകയും, പാലക്കുന്നത്തു തറവാട്ടിൽ മേല്പട്ടസ്ഥാനം തുടരെ നില നിർത്തണമെന്ന് ആർക്കും തന്നെ ആഗ്രഹമില്ലാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇന്ന് ആംഗ്ലേയ എന്ന ഒന്നല്ലാതെ മലയാളത്ത് മറെറാരു സുറിയാനി സഭയും നിലനിൽക്കുമായിരുന്നില്ല എന്നുകൂടി കേവലമായ അധര സത്യത്തിന് പ്രാമുഖ്യം കല്പിച്ച് ആദർശവാദം ചെയ്യുന്നവർ ധരിച്ചിരിക്കേണ്ടതാണ്.

മലങ്കരസഭയുടെ സ്വാതന്ത്ര്യം നില നിർത്തുന്നവരാണെന്ന കാരണത്താലാണ് നവീകരണ സഭയ്ക്കു പുരാതന സ്വത്തുക്കൾക്ക് അവകാശമില്ല എന്നു കോടതി വിധിയുണ്ടായതു എന്നാണ് ഡോ. അലക്സാണ്ടർ മെത്രാപ്പോലീത്താതിരുമേനിയുടെ ലേഖനത്തിൽ വായിക്കുന്നതു്. എന്നാൽ നവീകരണം മൂലവും, പാത്രിയക്കീസിൻെറ അധികാരം ചോദ്യം ചെയ്തതു മൂലവുമായിരുന്നു സഭാ സ്വത്തുക്കളുടെ മേലുള്ള അവകാശം ലഭിക്കാതെപോയതു് എന്നാണ് മെത്രാപ്പോലീത്താതിരുമേനി എഴുതിയതെന്നു ബഹു: താരക എഡിററർ ഇപ്പോൾ മാററിപ്പറയുന്നു! ഇതു ഇപ്പോഴെങ്കിലും സമ്മതിച്ചതിൽ ബഹു: നിരൂപകനെ അഭിനന്ദിക്കുന്നു.

**വിശ്വാസാചാര വ്യത്യാസങ്ങൾ:**

വി: കുബ്ബാന ഒരു രഹസ്യം (Mystery) ആണെന്നും, വി: കുബ്ബാനയിലെ അപ്പവീഞ്ഞുകൾ വെറും സിംബൽസ് (Symbols) അല്ലെന്നും അവ യേശുക്രിസ്തുവിൻെറ തിരുശരീരരക്തങ്ങളാണെന്നും, വി. കുബ്ബാന ഒരു കൂദാശയായതിനാൽ അതിനു ആത്മീയമായ കൃപയും ബാഹ്യമായ ചിഹ്നങ്ങളുമുണ്ടെന്നും, കുബ്ബാനയിലെ അപ്പവീഞ്ഞുകൾ വെറും ചിഹ്നങ്ങളല്ല, യാഥാർത്ഥ്യം ഉൾക്കൊള്ളുന്ന ചിഹ്നങ്ങളാ (effective Symbols) ണെന്നും, കർബാന ദ്രവ്യങ്ങളിൽ കർത്താവിൻെറ സാന്നിദ്ധ്യമുണ്ടെന്നും, കുർബാനയിൽ കർത്താവ് ദൈവവും മനുഷ്യനും എന്നുള്ള നിലയിൽ സന്നിഹിതനാണെന്നും ഓർത്തഡോക്സ് സഭകൾ വിശ്വസിക്കുമ്പോൾ, കുർബാനയിലെ അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരരക്തങ്ങളല്ല, അവയുടെ ചിഹ്നം മാത്രമാണെന്നും, ഓർത്തഡോക്സ്സഭ വിശ്വസിക്കുന്നതുപോലെ കുർബാന ഒരു ബലിയല്ലെന്നും അതു വെറുമൊരു സ്മാരകമാണെന്നും നവീകരണ (മാർത്തോമ്മാ) സഭ വിശ്വസിക്കുന്നു. പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന ബൈബിളിനു വിരുദ്ധമാണെന്നാണ് മാർത്തോമ്മാസഭയുടെ വിശ്വാസം. മരിച്ചവർക്കുവേണ്ടി അവർക്കു പ്രാർത്ഥിപ്പാൻ പാടില്ല. ആ സഭയുടെ വിശ്വാസ സിദ്ധാന്തങ്ങൾക്കു ബൈബിൾ മാത്രമാണ് ആധാരം അല്ലാതെ പിതാക്കന്മാരുടെ പഠിപ്പിക്കലും എഴുത്തുകളും അവർക്കു പരിഗണനീയമല്ല. അബ്രഹാം മൽപാൻെറ നവീകരണം വെറും ആചാര പരിഷ്കാരമായിരുന്നുവെന്നും തക്സായിൽ ചെറിയ ചെറിയ വ്യത്യാസങ്ങളേ മൽപാൻ ചെയ്തുള്ളൂ എന്നും മററും കാര്യങ്ങൾ ലഘൂകരിച്ചു പറയുന്ന മാർത്തോമ്മാസഭ മേൽക്കുറിച്ച വ്യത്യാസങ്ങളുടെ രൂക്ഷവും ആഴവും എത്രയെന്നു മനസ്സിലാക്കേണ്ടതാണ്.

ഇന്നത്തെ ഓർത്തഡോക്സ് — മാർത്തോമ്മാ സഭകളുടെ മേൽപ്പറഞ്ഞ വിശ്വാസാചാരങ്ങളിൽ കഴിയുന്നത്ര വിട്ടുവീഴ്ചകൾ ചെയ്തു വിശ്വാസത്തിന് ഐക്യത കൈവരുത്തുന്നതിലേക്കു ഒരു അനുരഞ്ജക മനോഭാവം നാം സൃഷ്ടിക്കുന്നപക്ഷം അത്രത്തോളം മഹത്തരമായ ഒരു നേട്ടം ഭാരതത്തിലെ ഈ രണ്ടു സഭ


MAR BASELIOS
CHILDREN'S HOME

Mannapra (P. O.)
Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959—ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾ മൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

# മൂന്ന് പഞ്ചവത്സരപദ്ധതികൾ

## 1990-ൽ പൂർത്തിയാക്കേണ്ട ഒന്നാം പദ്ധതി

പ. സുന്നഹദോസിൽ സമർപ്പിക്കപ്പെട്ട ഈ ചുരുങ്ങിയ റിപ്പോർട്ടിൽ മൂന്നു പദ്ധതികളുടെയും ഉദ്ദേശങ്ങൾ ചുരുക്കമായും 1987—1990 വരെയുള്ള പ്ലാൻ പ്രത്യേകമായും പറഞ്ഞിരിക്കുന്നു. ഓരോ ഭദ്രാസനത്തിലെയും പട്ടക്കാരെ വിളിച്ച് ഭദ്രാസനാധിപന്മാർ ഇതിന്റെ അത്യാവശ്യം അവരെ ബോദ്ധ്യപ്പെടുത്താതിരുന്നാൽ മുമ്പ് എഴുതി അച്ചടിച്ച പല പദ്ധതികൾപോലെ ഇതിനും വന്നുഭവിക്കും.

എ. ഡി. 2000—ത്തിനു മുമ്പുതന്നെ ആത്മീക സംഘടനകൾവഴി ആത്മീകവും സന്മാർഗ്ഗപരവുമായ ഒരു പുതുക്കം ഉണ്ടാകണം. എല്ലാ കുട്ടികളെയും സണ്ടേസ്കൂളിലും എല്ലാ യുവാക്കന്മാരെയും യുവജനപ്രസ്ഥാനത്തിലും എല്ലാ വിദ്യാർത്ഥികളെയും വിദ്യാർത്ഥിപ്രസ്ഥാനത്തിലും, എല്ലാ സ്ത്രീകളെയും മർത്തമറിയം സമാജത്തിലും എല്ലാ ഇടവകക്കാരെയും പ്രാർത്ഥനായോഗത്തിലും മിഷനു പ്രത്യേകം സമർപ്പിച്ച എല്ലാ വ്യക്തികളെയും സുവിശേഷസമാജത്തിലും ചേർക്കണം. ഉത്തരവാദിത്തമുള്ള ചുമതലക്കാരെ ഭദ്രാസനത്തിന്റെ ചെലവിൽ മെത്രാപ്പോലീത്താ നിയമിക്കണം. ഓരോ സ്ഥലത്തുമുള്ള എല്ലാവർക്കും വിദ്യാഭ്യാസവും ജോലിയും ഭവനങ്ങളും ഉണ്ടാകണമെന്ന ഉന്നത ലക്ഷ്യംവച്ചു പ്രവർത്തിക്കണം. പരിശുദ്ധാത്മാവിന്റെ സർഗ്ഗാത്മ അനുഭവത്തിൽകൂടി മയക്കുമരുന്നിന്റെയും ഭൗതികവാദത്തിന്റെയും നിരീശ്വരത്വത്തിന്റെയും തിന്മയിൽനിന്ന് വ്യക്തികളെ വിമോചിപ്പിക്കണം. താഴെ പറയുന്ന സംഗതികൾ നടപ്പാക്കാൻ കൂടുതൽ നല്ല വിദ്യാർത്ഥികളെ സെമിനാരിയിലേക്കും മിഷൻ പരിശീലനകേന്ദ്രത്തിലേക്കും അയയ്ക്കേണ്ടതു് അത്യാവശ്യമാണ്. നമ്മുടെ സന്യാസസമൂഹങ്ങളെയും ശക്തീകരിക്കണം.

1. മുൻ പറഞ്ഞ ആത്മീയസംഘടനകൾ എല്ലാം ഇല്ലാത്ത ഒരു ഇടവകയും ഉണ്ടായിരിക്കരുതു്. ഭദ്രാസന തലത്തിലും ഗ്രൂപ്പുതലത്തിലും സെക്രട്ടറിമാരെയും ഓർഗനൈസർമാരെയും മെത്രാപ്പോലീത്താ നിയമിക്കണം. ഈ സംഘടനകളുടെ ഒരു പ്രധാന ഉദ്ദേശം മയക്കുമരുന്നും മദ്യവും വർജ്ജിപ്പിക്കുന്നതായിരിക്കണം. ആത്മീകചൈതന്യമുള്ള ഒരു വ്യക്തിക്ക് മയക്കുമരുന്നോ മദ്യമോ ആവശ്യമായിത്തോന്നുകയില്ല. ഇടവകയിലെ ഓരോ അംഗവും മനഃസ്സാക്ഷിയുടെ കുത്തുള്ളവരും സന്മാർഗ്ഗം മാത്രം ശീലിച്ചവരുമാകണം. ചില ഇടവകകളിൽ പ്രാർത്ഥനായോഗവും സുവിശേഷസംഘവും ഒരുമിച്ചു കൂടാവുന്നതാണ്. കുദാശാപരമായ ജീവിതത്തിന്റെ പുതുക്കം അത്യന്താപേക്ഷിതമാണ്. പതിവായി പള്ളിയിൽ പോകുവാനും മിക്കപ്പോഴും വി. കുർബ്ബാന അനുഭവിപ്പാനും ഉത്തേജനം നല്കണം,

2. ആവശ്യമുള്ള എല്ലാ കേന്ദ്രങ്ങളിലും കാതോലിക്കേററ് കേന്ദ്രങ്ങളും പള്ളികളും പണിയിക്കണം.

3. ശമ്പളം കുറവുള്ള വൈദികർക്കും മററുള്ളവരെപ്പോലെ ശമ്പളം കിട്ടുവാൻ ഒരു സാലറി അഡ്ജസ്റ്റ്മെൻറ് സ്കീം ഇല്ലാതിരുന്നാൽ വടക്കുള്ള വൈദികർക്ക് നമ്മോടുകൂടി നില്ക്കുവാൻ പ്രയാസമായിവരും. പരുമലയിൽനിന്ന് കേന്ദ്രത്തിനു ലഭിക്കുന്ന 15 ശതമാനത്തിൽനിന്ന് ഒരു നല്ല സബ്സിഡി ഈ രണ്ടു കാര്യങ്ങൾക്കു നൽകണം.

4. ഐക്യരാഷ്ട്രസംഘടന ഭവനരഹിതർക്കു ഭവനമുണ്ടാക്കുന്ന വർഷമായി 1987 പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. എ. ഡി. 2000 ആകുമ്പോൾ നമ്മുടെ ഭദ്രാസനാർത്തികളിൽ ഏവർക്കും സ്വന്തഭവനമുണ്ടായിരിക്കണമെന്ന ലാക്കു് ഈ വർഷംതന്നെ അത്യുത്സാഹത്തോടെ തുടങ്ങണം.

5. പല പ്രശ്നങ്ങളുടെയും പ്രധാന കാരണം തൊഴില്ലായ്മയാണ്. അതിനാൽ ചെറുകിടവ്യവസായങ്ങൾ, തേനീച്ച വളർത്തൽ സ്വയംതൊഴിൽ കണ്ടെത്തൽ, ഇൻഡസ്ട്രിയൽ കോംപ്ലെക്സ്, ഐ. ടി. ഐ. പ്രൊഡക്ഷൻ കേന്ദ്രം മുതലായവ 1990 നു് മുമ്പ് എല്ലാ ഭദ്രാസനത്തിലും തുടങ്ങണം.

6. പുരോഹിതന്മാരും നേതാക്കന്മാരും ക്രിസ്തീയ കാര്യവിചാരകത്വം ദശാംശം ദാനംചെയ്യുന്നതിന്റെ സന്തോഷം എന്നിവ പ്രായോഗികമാക്കുകയുംപഠിപ്പിക്കുകയും ചെയ്യണം.

7. വിശ്വാസവിപരീതങ്ങൾ, മദ്യം മയക്കുമരുന്ന് മുതലായവയ്ക്കെതിരായ ലഘുലേഖകൾ അച്ചടിച്ച് എല്ലാ ഭവനങ്ങളിലും എത്തിക്കണം

8. 1986 ഫെബ്രുവരി സുന്നഹദോസ് നിശ്ചയിച്ചതുപോലെ എല്ലാ ഭദ്രാസനങ്ങളിലും മിഷൻ ബോർഡും, എല്ലാ ഇടവകകളിലും സുവിശേഷസംഘവും രൂപീകരിച്ചാൽ 1990 ആകുമ്പോഴേക്ക് കേരളത്തിനുപുറത്തുള്ള ഓരോ സംസ്ഥാനത്തും മിഷൻ കേന്ദ്രം തുടങ്ങാം

9. പരിശീലനം ലഭിച്ചവരും സമർപ്പണമുള്ളവരുമായ പ്രവർത്തകർ ഇല്ലെങ്കിൽ, മുൻപറഞ്ഞ സ്കീമുകൾ നടക്കുകയില്ല എന്ന കാരണത്താൽ കൂടുതൽ നല്ല അപേക്ഷകരെ സെമിനാരിയിലും മാവേലിക്കര മിഷൻ സെൻററിലും അയയ്ക്കുവാൻ ഭദ്രാസനാധിപന്മാർ എല്ലാ വൈദീകർക്കും സർക്കുലർ

---

കൾക്കും വേറെയുണ്ടാകയില്ല. ഈ രണ്ടു സഭകളുടെ യോജിപ്പുമൂലം—സഭ ഒന്നായിത്തീരുന്ന പക്ഷം—ഭാരതത്തിൽ ക്രിസ്തുമതത്തിനു വമ്പിച്ച സാധ്യതകൾ ഉണ്ടാകുമെന്നുള്ളതു നിശ്ചയമാണ്. ബഹു: മാത്യു അച്ചന്റെ ആ ഒരു ശുഭാപ്തി വിശ്വാസത്തോടു ഈ ലേഖകനും യോജിക്കുന്നു. ഓർത്തഡോക്സ്—മാർത്തോമ്മാസഭകളുടെ ഒന്നായ യോജിപ്പിനുവേണ്ടി ഈ സഭകളിലെ വൈദീകാദ്ധ്യക്ഷന്മാർ ശ്രമിക്കുമെന്നു ആശിക്കാം.

---

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



Thomas Mathew


**CENTURY AGENCY**
**AMBASSADOR CORPORATION**

753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

**E. I. Abraham Omallur,** M.B.A; G.R.I.

# യൂറോപ്പിൽ സെ. ഗ്രീഗോറിയോസ് ഇടവക

**പി. എസ്. ജോർജുകുട്ടി, ജർമ്മനി**

1981–ൽ ഡൽഹി ഭദ്രാസനാധിപൻ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു യോഗമാണ് ഓസ്ട്രിയാ, സ്വിററ്സർലൻഡ്, പ. ജർമ്മനി തുടങ്ങിയ സമീപരാജ്യങ്ങളിലുള്ള മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളെ ഉൾക്കൊള്ളിച്ച് പ. പരുമല തിരുമേനിയുടെ നാമത്തിൽ ഒരു ഇടവക രൂപീകരിക്കണമെന്ന തീരുമാനം കൈക്കൊണ്ടതു്. ബ. കോര വറുഗീസ് അച്ചനെ ഈ ഇടവകയുടെ വികാരിയായി അഭിവന്ദ്യ തിരുമേനി നിയമിക്കുകയും ചെയ്തു. ഈ ഇടവകയുടെ ആസ്ഥാനം പ. ജർമ്മനിയിലുള്ള ബീലെഫെൽഡ് എന്ന സ്ഥലത്താണ്. ഏകദേശം 500–ൽ പരം സഭാംഗങ്ങൾ ജർമ്മനിയിലും സമീപരാജ്യങ്ങളിലുമായി ചിതറി പാർക്കുന്നു. വിദൂരത, അന്താരാഷ്ട്രയാത്രകളിലുള്ള വൈഷമ്യങ്ങൾ മുതലായവ എല്ലാ അംഗങ്ങൾക്കും ഒരുമിച്ചുകൂടുന്നതിനും ആരാധന നടത്തുന്നതിനും തടസ്സമായിരിക്കുകയാണ്. പ: ജർമ്മനിയിലുള്ള ഹാംബുർഗ്, ബീലെഫെൽഡ് എന്നിവിടങ്ങളിൽ മാസത്തിൽ ഓരോ തവണയും ബോണിൽ രണ്ടു മാസത്തിൽ ഒരിക്കലും ആരാധന നടത്തിവരുന്നു. ഫ്രാങ്ക്ഫുട്ടിലും ഓസ്ട്രിയായുടെ തലസ്ഥാനമായ വിയന്നായിലും, സ്വിററ്സർലൻഡിലും സൗകര്യമനുസരിച്ച് വി: കുർബാന നടത്തുന്നുണ്ട്.

എന്നാൽ എല്ലാ വർഷവും ഹാശാ ആഴ്ചയിൽ ആസ്ഥാനമായ ബീലെഫെൽഡിൽ വിവിധ സ്ഥലങ്ങളിലുള്ള ആളുകൾ സകല പ്രതിസന്ധികളും തരണം ചെയ്തു ഒന്നിച്ചുകൂടുന്നു. 750 കി. മീററർ ദൂരം വരെ പിന്നിട്ട് ഓസ്ട്രിയാ, സ്വിററ്സർലൻഡ് എന്നിവിടങ്ങളിൽ കഴിയുന്നവർ ഇവിടെ വന്നു താമസിച്ച് ഹാശാ ശുശ്രൂഷകളിൽ പങ്കെടുത്തിട്ട് സന്തോഷത്തോടും സംതൃപ്തരായി അനുഗ്രഹം പ്രാപിച്ചും മടങ്ങുന്നു എന്നു പറഞ്ഞാൽ നാട്ടിലുള്ള നമ്മുടെ ആളുകൾക്ക് അവിശ്വസനീയമായി തോന്നാം. ആധുനികമായ യാത്രാ സൗകര്യങ്ങളും റോഡുകളുമുള്ള ഈ യൂറോപ്പിൽ ദൂരം ഒരു വലിയ കാര്യമല്ല. എന്നിരുന്നാലും എട്ടോ, ഒമ്പതോ മണിക്കൂറുകൾ വേണ്ടിവരും ഈ ദൂരം യാത്ര ചെയ്യുന്നതിനു്. നമ്മുടെ ആളുകളിൽ നല്ല ഒരു വിഭാഗം എവിടെയായിരുന്നാലും വിശ്വാസം കൈവെടിയാതെ സഭാ സ്നേഹം പുലർത്തുന്നു എന്നതിനു് വേറേ തെളിവുവേണ്ടല്ലോ. പ്രത്യേകിച്ച് സാമ്പത്തികമായ ഉയർച്ച ഉണ്ടാകുമ്പോൾ പ്രാർത്ഥനകളിലും നോമ്പാചാരങ്ങളിലും കാണുന്ന അനാസ്ഥയും ഇവിടെയുള്ളവരിൽ ഇല്ലെന്നുള്ളതു് പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. വികാരി ബ: കോര വറുഗീസ് അച്ചൻ ഇവിടെ തുടർച്ചയായി സേവനം നടത്തിവരുന്നു. ബഹു. അച്ചന്റെ പരിശ്രമഫലമായി ഇവിടുത്തേ ലൂഥറൻസ് ചർച്ചും നമ്മുടെ സഭയുമായുള്ള സ്നേഹബന്ധം വളരെയേറെ ആഴത്തിൽ വേരുറയ്ക്കുന്നതിനു സാധിച്ചു. കൂടാതെ ഇവിടെയുള്ള ജീവകാരുണ്യ സംഘടനകളിൽ നിന്നും ഗണ്യമായ സാമ്പത്തിക സഹായങ്ങൾ നമ്മുടെ സഭാവക ആശുപത്രികൾക്കും മററു് സ്ഥാപനങ്ങൾക്കും ലഭിച്ചിട്ടുണ്ടു്; ലഭിച്ചുകൊണ്ടുമിരിക്കുന്നു.

പതിവുപോലെ ഈ വർഷം ഹാശാ ആഴ്ചയിലെ ശുശ്രൂഷകളിൽ സമീപസ്ഥരും വിദൂരസ്ഥരുമായ വളരെപ്പേർ സംബന്ധിച്ചിരുന്നു. കുന്നംകുളം ഭദ്രാസനാധിപൻ അഭിവന്ദ്യ മിലത്തിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തിയ ശുശ്രൂഷകളിൽ എപ്പിസ്കോപ്പൽ സുന്നഹദോസ് ഓഫീസ് സെക്രട്ടറി ബ: കെ. സി. ഉമ്മൻ കോറെപ്പിസ്കോപ്പായും, വികാരിയും, ബ: എം. ഒ. ജോൺ ശെമ്മാശ്ശനും സഹകരിച്ചു. ഊശാന ഞായറാഴ്ച തിരുമനസ്സുകൊണ്ടു് വിയന്നായിലും വികാരി ബോണിലും വി: കുർബാന അർപ്പിച്ചു.

അഭിവന്ദ്യ തിരുമേനി ഇവിടെയുള്ള ഇതരസഭാ തലവന്മാരെ സന്ദർശിച്ച് അവരുമായി സഹൃദസംഭാഷണം നടത്തി. ആലൻ എന്ന സ്ഥലത്തുള്ള അർമേനിയൻസഭക്കാരുടെ ഒരിടവക തിരുമേനിയെ പ്രത്യേകം ക്ഷണിച്ചിരുന്നു. തിരുമേനിക്കു് അത്യുജ്വലമായ ഒരു സ്വീകരണമാണ് ആ ഇടവകക്കാർ നല്കിയതു്. ബ: കോര വറുഗീസ് അച്ചനും ഇടവക സെക്രട്ടറി പി. ററി. മത്തായിയും ട്രസ്ററി പി. എസ്. ജോർജജുകുട്ടി കൂടൽ (ലേഖകൻ) മുതലായി പലരും തിരുമേനിയെ അനുഗമിച്ചു. കറുത്തകുപ്പായം അണിഞ്ഞു് വികാരിയും 150–ൽ പരം ഇടവകാംഗങ്ങളും പള്ളിമുററത്തു് അഭിവന്ദ്യ തിരുമേനിയേയും കാത്തു്, കൊടും തണുപ്പുപോലും വകവെക്കാതെ, നിന്നിരുന്നു. കാറുകളിൽ വന്നിറങ്ങിയ തിരുമേനിയേയും സംഘത്തേയും, വികാരിഅച്ചൻ സ്വീകരിച്ചു. തിരുമേനിയുടെ കൈമുത്തിയും മററുള്ളവരെ ആലിംഗനം ചെയ്തുമാണ് സ്വീകരിച്ചതു്. പള്ളിമുററത്തു് എത്തിയ ഉടനെ എല്ലാവരും കൂടി തിരുമേനിക്കു് ചീയേഴ്സ് വിളിച്ചു. ആയതിനുശേഷം തിരുമേനിയേയും സംഘത്തേയും സ്തോത്രഗാനാലാപത്തോടുകൂടി പള്ളിയകത്തേക്കു് ആനയിച്ചു. സന്ധ്യപ്രാർത്ഥനക്കുശേഷം ചേർന്ന സ്വീകരണ സമ്മേളനത്തിൽ ഇടവക വികാരി സ്വാഗതം ആശംസിച്ചു. നമ്മുടെ സഭയുടെ പുരാതനത്വത്തെപ്പററിയും വി: തോമ്മാശ്ലീഹായുടെ സിംഹാസനപിൻതുടർച്ചയേപ്പററിയും കൂടിയിരുന്ന ഇടവകാംഗങ്ങളോടു് സ്വാഗതപ്രസംഗത്തിൽ ബ: അച്ചൻ പ്രത്യകം വിശദീകരിച്ചു പറയുകയുണ്ടായി. തിരുമനസ്സുകൊണ്ടു് സ്വീകരണങ്ങൾക്കു് പ്രത്യേകം നന്ദിപറഞ്ഞു് പ്രസംഗിച്ചു. സമ്മേളനത്തിനുശേഷം യാത്രയായ തിരുമേനിയുടെ കൈമുത്തുന്നതിനു്

---

അയയ്ക്കണം. ദൈവവിളി കോൺഫ്രൻസുകളും ധ്യാനങ്ങളും മററും ഇതിനു് ആവശ്യമാണ്.

10. 1990 ആകുമ്പോഴേക്കു് ദിവ്യബോധനം എല്ലാ ഇടവകകളിലും നടത്തണം.

11. സെമിനാരി പഠനം കഴിഞ്ഞവരെയും എം. ടി. സി. സർട്ടിഫിക്കേററ് ഉള്ളവരെയും ഇടവകളിൽ ഉപയോഗിക്കുകയും മിഷൻ, വേലയ്ക്കയയ്ക്കുകയും വേണം.

12. 1990 ആകുമ്പോൾ കേന്ദ്രസെക്രട്ടറിയേററും, യുവജന പ്രസ്ഥാന ഹെഡ്ക്വാർട്ടേഴ്സും, ഭിലായിലും, തടാകത്തും, ആന്ധ്രാ പ്രദേശത്തും മിഷൻ പരിശീലനവും തുടങ്ങണം.

13. എല്ലാ വീടുകളിലും കുടുംബപ്രാർത്ഥനയും എല്ലാ ഇടവകകളിലും വേദപഠനവും വേണം.

14. ഏവർക്കും നീതി ലഭിക്കാൻ രാഷ്ട്രീയ ബോധവൽക്കരണം നടത്തണം.

15. നമ്മുടെ എല്ലാ സ്ഥാപനങ്ങളും ഉയർന്ന ക്രിസ്തീയ നിലവാരം പുലർത്തണം.

ഇന്നു നല്ല നേതൃത്വം കൊടുപ്പാൻ പരിശുദ്ധാത്മാവു് നമ്മെ ഉപയോഗിക്കട്ടെ.

### സിനഡിന്റെ സബ്കമ്മററി

മെത്രാപ്പോലീത്തന്മാർ:

മാത്യൂസ് മാർ കൂറിലോസ് (പ്രസിഡൻറ്)
ഗീവറുഗീസ് മാർ ഒസ്താത്തിയോസ് (കൺവീനർ)
ജോസഫ് മാർ പക്കോമിയോസ്
മാത്യൂസ് മാർ ബർന്നബാസ്
തോമസ് മാർ അത്താനാസ്യോസ്

–൭–



**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



അനിയൻ & ഡെയ്സി, പാററ്നാ.

# ബൈബിൾ നാമകോശം

Rev. Fr. DANIEL N. VARGHESE – M. A. B Ed., (M. A. Th)

### 96. എഗ്ളോൻ O. T.

മോവാബ് ഭരിച്ചിരുന്ന ഒരു രാജാവ്. യോർദ്ദാൻ കടന്ന് ഇസ്രായേല്യരിൽ നിന്ന് യെരീഹോ പിടിച്ചെടുത്ത് 18 സംവത്സരക്കാലം അവരിൽനിന്ന് കപ്പം വാങ്ങിക്കൊണ്ടിരുന്നു. ഒടുവിൽ ഇസ്രായേല്യരുടെ ഒരു ന്യായാധിപനായിരുന്ന യഹൂദനാൽ കൊല്ലപ്പെട്ടു. (ന്യായാധിപന്മാർ 3:15)

### 97. എത്യോപ്യൻ ഷണ്ഡൻ N. T.

എത്യോപ്യായിലെ (കൂശ് എന്ന് എബ്രായർ ഈ രാജ്യത്തെ വിളിച്ചിരുന്നു. യെശയ്യാ 20:4) രാജ്ഞിയായിരുന്ന കാൻഡസിന്റെ ഒരു മന്ത്രി യെരുശലേമിലേക്കുള്ള യാത്രകഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഫിലിപ്പോസിനെ മാർഗ്ഗമദ്ധ്യേ കണ്ട് അവനാൽ സ്നാനം സ്വീകരിച്ച് ക്രിസ്ത്യാനിയായിത്തീർന്നു. (അപ്പോ. 8:26–40)

---

അർമ്മീനിയൻ ഇടവകയിലെ ആളുകൾ കാട്ടിയ തിക്കും തിരക്കും, അവരുടെ സ്നേഹബഹുമാനാദികളും കണ്ടു നിന്ന ഏവരേയും കോരിത്തരിപ്പിക്കുന്നതായിരുന്നു. ഇത്ര വലിയ ബഹുമാനവും ആദരവും നമ്മുടെ സഭയോട് സഹോദരീസഭാംഗങ്ങൾ കാണിച്ചത് കണ്ടപ്പോൾ ഞങ്ങൾ അഭിമാനപുളകിതരായി. തിരുമനസ്സുകൊണ്ട് ഇംഗ്ലണ്ടും സന്ദർശിച്ചശേഷമാണ് നാട്ടിലേയ്ക്കു മടങ്ങിയത്.

1981–ന് മുമ്പുതന്നെ നമ്മുടെ സഭാംഗമായ മി. പി. എ. കോശിയുടെയും ഈ ലേഖകന്റെ സഹോദരിയായ മിസ്സസ് മേരിക്കുട്ടി കോശിയുടെയും പരിശ്രമഫലമായി നമ്മുടെ സഭയിലെ ഒട്ടേറെ പെൺകുട്ടികൾക്ക് ബീലെഫെൽഡിലുള്ള ഒരു ആശുപത്രിയിൽ നേഴ്സിംഗ് പഠിക്കുന്നതിന് അവസരം ലഭിച്ചു. നാട്ടിൽ നേഴ്സിംഗ് പാസായ പലർക്കും—സഭാംഗങ്ങൾക്കുമാത്രം—അവരുടെ സഹായത്തോടുകൂടി ഇവിടെ ജോലി ലഭിയ്ക്കുകയും ചെയ്തു. അങ്ങനെയാണ് ഈ സ്ഥലത്ത് നമ്മുടെ സഭാംഗങ്ങൾ കേന്ദ്രീകരിക്കുവാനിടയായത്. അങ്ങനെ വന്നെത്തിയവരിൽ മിക്കവരും ഇന്ന് കുടുംബസമേതം ഇവിടെ കഴിയുന്നു. എന്ന കാര്യം നന്ദിനിറഞ്ഞ ഹൃദയത്തോടുകൂടി സ്മരിക്കുന്നു.

—o—

### 98. എനോശ് O. T.

ശേത്തിന്റെ മകൻ. ആദാമിന്റെ പൗത്രൻ. (ഉല്പത്തി 4:26)

### 99. എപ്പഫ്രാസ് N. T

പൗലോസ് അപ്പോസ്തലന്റെ സഹപ്രവർത്തകൻ. കോലോസ്യയിലെ ക്രിസ്തുസഭയിലെ അദ്ധ്യാപകൻ. (കൊലോസ്യർ 1:7)

### 100. എഫേസ്യർ N. T.

റോമാ പ്രവിശ്യയായിരുന്ന ഏഷ്യായുടെ തലസ്ഥാനപട്ടണമായ എഫേസൂസിൽ താമസിച്ചിരുന്ന ആളുകൾ. എഫേസൂസ് രാഷ്ട്രീയവും യുദ്ധപരവും നയതന്ത്രപരവുമായ കാരണങ്ങളാൽ പ്രാധാന്യമുള്ള ഒരു പട്ടണമായിരുന്നു. പൗലോസ് അവിടെ ഒരു ക്രിസ്തീയസഭ സ്ഥാപിച്ചു. ഈ സഭയ്ക്കു പൗലോസ് എഴുതിയ കത്തുകൾ പുതിയനിയമത്തിലെ ഒരു പ്രധാന പുസ്തകമായിത്തീർന്നു.

### 101. എഫ്രയിം O. T.

യോസേഫിന്റെയും ഈജിപ്റ്റിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിന്റെയും മകൻ. മനശ്ശെയുടെ ഇളയ സഹോദരൻ. യോസേഫ് ഈജിപ്റ്റിലെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ ഈ പുത്രൻ ജനിച്ചു. (ഉല്പത്തി 41:45–52).

### 102. എരസ്തോസ് N. T.

പൗലോസിന്റെ എഫേസൂസിലെ ഒരു ശുശ്രൂഷകൻ. എഫേസൂസിൽ കലഹം പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടുമുമ്പെ തീമോഥെയോസിനോടുകൂടെ എരസ്തോസിനെ പൗലോസ് മക്കദോന്യയിലേക്കയച്ചു. (അപ്പോ. 19:22)

### 103. എലിശബെത് N. T.

സെഖര്യാവിന്റെ ഭാര്യ. യോഹന്നാൻ സ്നാപകന്റെ അമ്മ. യേശുക്രിസ്തുവിന്റെ അമ്മ മറിയയുടെ ചാർച്ചക്കാരി. (ലൂക്കോസ് 1:11–13, 36)

### 104. എലീഫസ് O. T.

ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാരിൽ ഏററം വിജ്ഞാനി. ഇയ്യോബിന്റെ പ്രയാസങ്ങളെപ്പററി ഏററവും നല്ല വിശദീകരണവും വിവേകമുള്ള ഉത്തരവും കൊടുത്തയാൾ. (ഇയ്യോബ് 15)






കുഞ്ഞനുജന്മാരേ....കുഞ്ഞനുജത്തിമാരേ,

ശിശുക്കളെ ആഴമായി സ്നേഹിച്ചിരുന്ന ഒരു വിശുദ്ധന്റെ കഥ കുഞ്ഞിച്ചായൻ പറയാം. ഡോൺ ബോസ്ക്കോ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ശിശുക്കളോടൊത്തു പാട്ടുപാടുന്നതും കളിക്കുന്നതും ചിരിക്കുന്നതും എല്ലാം അദ്ദേഹത്തിനുവലിയ ആനന്ദമായിരുന്നു. പക്ഷെ യേശുനാഥന് ഇഷ്ടമില്ലാത്ത തമാശകളൊന്നും ഡോൺ ബോസ്ക്കോ പറയുകയില്ല. വെൺമയാർന്ന ശിശുഹൃദത്തിൽ നേരിയ പോറൽ പോലും വീഴ്ത്തുന്നത് അദ്ദേഹം സഹിക്കുകയില്ല.

ഒരിക്കൽ അദ്ദേഹം ഒരു സ്വപ്നം കണ്ടു തന്റെ സ്വപ്നകഥ അദ്ദേഹം കുട്ടികൾക്കുവേണ്ടി എഴുതിയിട്ടുണ്ട്

നല്ല സ്വപ്നങ്ങൾ കാണാൻ ആരാണ് ഇഷ്ടപ്പെടാത്തത്? നല്ല സ്വപ്നങ്ങളെ മധുര സ്വപ്നങ്ങളെന്ന് നാം പറയുന്നു. കവികളാണെങ്കിൽ തങ്കക്കിനാവ്, പൊൻകിനാവ് എന്നൊക്കെ പറയും. ചീത്ത സ്വപ്നങ്ങളെ ദുർസ്വപ്നങ്ങളെന്ന് നാം പറയുന്നു. ദുർസ്വപ്നങ്ങൾ കാണാൻ ആർക്കും ഇഷ്ടമില്ല. വനപ്രദേശത്തുകൂടി യാത്ര ചെയ്യുമ്പോൾ ഒരു കാട്ടുമൃഗം നമ്മെ ആക്രമിക്കാൻ വേണ്ടി പാഞ്ഞു വരുന്നതായി സ്വപ്നം കാണുകയാണെങ്കിൽ അത് ദുർസ്വപ്നമാണ്. ഇതുപോലുള്ള സ്വപ്നങ്ങൾ കാണുമ്പോൾ ഉറക്കത്തിൽ നാം പേടിച്ചു കരയും. ഇല്ലേ?

സുന്ദരമായ ഒരു പൂന്തോട്ടത്തിൽ യേശുനാഥനോടും മാലാഖമാരോടും ഒത്ത് പാട്ടുപാടി ആനന്ദിക്കുന്നതായി സ്വപ്നം കാണുകയാണെങ്കിൽ അത് ഒരു മധുര സ്വപ്നമാണ്.

കൊടിയ തണുപ്പുള്ള ഒരു ഡിസംബർ രാത്രിയി

---

### 105. എലീമേലെക് O. T.

നവൊമിയുടെ ഭർത്താവ്. (രൂത്ത് 1:2)

### 106. എലീയാം O. T.

ബത്ത്ശേബയുടെ പിതാവ്. (2 ശമൂവേൽ 11:3)

### 107. എലീശ O. T.

ഏലിയാ പ്രവാചകന്റെ പരിചരനും ശിഷ്യനുമായിരുന്ന പഴയനിയമകാലത്തെ ഒരു എബ്രായ പ്രവാചകൻ. ഏലിയാ തന്റെ ശിഷ്യനായി തെരഞ്ഞെടുക്കുന്നതുവരെ ഒരു കൃഷിക്കാരനായിരുന്നു. ഏലിയാ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ തന്റെ വസ്ത്രം എലീശായ്ക്ക് ഇട്ടുകൊടുത്ത് തന്റെ ചുമതലകൾ ശിഷ്യനെ ഏല്പിച്ചു. ബാൽ ആരാധകർക്കെതിരായുള്ള സമരം തുടർന്നുകൊണ്ടിരുന്ന ഏലീശായെ ഇസ്രായേലിന്റെ രക്ഷകനായി കരുതപ്പെട്ടിരുന്നു. താൻ ചെയ്ത അസാധാരണമായ അതിശയങ്ങളിൽ ചിലത് താഴെപ്പറയുന്നവയായിരുന്നു: യെരിഹോവിലെ നീരുറവകൾ ശുദ്ധമാക്കി. വിധവയുടെ വീട്ടിലെ ഭരണിയിൽ എണ്ണ വർദ്ധിപ്പിച്ചു. ശൂനേംകാരിയുടെ മകന് ജീവൻ തിരിച്ചുകൊടുത്തു. യവത്തപ്പം വർദ്ധിപ്പിച്ചുകൊടുത്തു. കുഷ്ഠരോഗിയായിരുന്ന നയമാനെ സൗഖ്യമാക്കി. ഏതാണ്ട് 60 വർഷക്കാലം പ്രവചനശുശ്രൂഷ നടത്തി. (2 രാജാ. 2:19–22; 4:1–7; 4:8–37; 4:42–44; 5:1–14)

### 108. എലീശേബാ O. T.

അഹരോന്റെ ഭാര്യ. അമ്മീനാദാബിന്റെ മകൾ. നഹശോന്റെ സഹോദരി. (പുറപ്പാട് 6:23)

ലായിരുന്നു ഡോൺബോസ്കോ സ്വപ്നം കണ്ടത്. അദ്ദേഹം കണ്ട സ്വപ്നം മധുരസ്വപ്നമായിരുന്നോ, ദുർസ്വപ്നം ആയിരുന്നോ എന്ന് ഈ കഥവായിച്ചതിനു ശേഷം നിങ്ങൾ തീരുമാനിക്കുക.

വിശാലമായ ഒരു പച്ചപ്പുൽ മൈതാനം. ആ മൈതാനത്ത് ഡോൺബോസ്കോ നടുവിലും കുഞ്ഞനുജന്മാരും കുഞ്ഞനുജത്തിമാരും ചുററുമായും നില്ക്കുകയാണ്. ആ ഓമനക്കിടാങ്ങളിൽ ഓരോരുത്തരുടെയും കൈയിൽ സുന്ദരങ്ങളായ ലില്ലി പുഷ്പങ്ങളുണ്ട്.

ഭയങ്കരനായ ഒരു പൂച്ച പെട്ടെന്ന് അവർ നിൽക്കുന്നസ്ഥലത്ത് ഓടിയെത്തി. ആ പൂച്ചയെ കണ്ടാൽ ആരും ഭയപ്പെട്ടുപോകും. അതിൻെറ കണ്ണുകളിൽനിന്ന് തീപ്പൊരി ചിതറുകയാണോ എന്നു തോന്നിപ്പോകും. അതിൻെറ നോട്ടം അത്രയ്ക്കു ക്രൂരമായിരുന്നു.

പൂച്ചയെ കണ്ടപ്പോൾ ഡോൺബോസ്കോ പേടിച്ചു വിറച്ചു. പക്ഷെ കുട്ടികൾക്കു ഭയമൊന്നും ഉണ്ടായിരുന്നില്ല. അവരുടെ കൈയിലെ പൂക്കൾ തട്ടിയെടുക്കുക എന്നതായിരുന്നു പൂച്ചയുടെ ലക്ഷ്യം. ഏതെങ്കിലും കുട്ടിയുടെ കൈയിലെ പൂക്കൾ കിട്ടിയാൽ പൂച്ച അതു പിച്ചിച്ചീന്തിക്കളയും. ഡോൺബോസ്കോയുടെ അടുത്തേക്കു് പൂച്ച സാവധാനത്തിൽ നടന്നുവന്നു. തൻെറ കൈവശമുണ്ടായിരുന്ന പൂക്കൾ നഷ്ടപ്പെടാതിരിക്കാൻവേണ്ടി അദ്ദേഹം പാഞ്ഞോടി. ഓടിപ്പോയ അദ്ദേഹത്തെ ഒരു മാലാഖ തടഞ്ഞു നിർത്തി.

''ഓടരുതേ ഓടരുതേ ആ കുട്ടികളുടെ അടുത്തേക്കു് മടങ്ങിപ്പോകുക. അവരുടെ കൈയ്കളിലെ പൂക്കൾ ഉയർത്തിപ്പിടിക്കുന്നതിനു് അവരോടു പറയുക. അങ്ങനെ അവർ ചെയ്താൽ ക്രൂര സ്വഭാവമുള്ള ആ പൂച്ചയ്ക്കു പൂക്കൾ നശിപ്പിക്കാൻ സാധിക്കുകയില്ല'' മാലാഖയുടെ ഉപദേശം ഡോൺബോസ്കോ ചെവിക്കൊണ്ടു.

അദ്ദേഹം കുട്ടികളുടെ അടുത്തേക്കുപോയി തൻെറ കൈവശം ഉണ്ടായിരുന്ന പൂക്കൾ ഉയർത്തിപ്പിടിച്ചു കൊണ്ടു് അദ്ദേഹം വിളിച്ചു പറഞ്ഞു:—

''ഓമനക്കുഞ്ഞുങ്ങളേ.... നിങ്ങളുടെ കൈയ്കൾ ആവുന്നത്ര ഉയർത്തിപ്പിടിക്കുക പൂച്ചയ്ക്കു നിങ്ങളുടെ പൂക്കൾ നശിപ്പിക്കാൻ സാധിക്കുകയില്ല''

കുട്ടികൾ ഡോൺബോസ്കോയുടെ വാക്കുകൾ അനുസരിച്ചു. അവർ തങ്ങളുടെ കൈയ്കൾ ഉയർത്തിപ്പിടിച്ചു. പൂച്ച സകലശക്തിയും എടുത്ത് ഉയർന്നു ചാടി. എത്ര ശ്രമിച്ചിട്ടും പൂച്ചയ്ക്കു ഒരു പൂവിതൾ പോലും ലഭിച്ചില്ല. കുട്ടികളുടെ കരങ്ങളിലെ പൂക്കൾ ലഭിക്കയില്ലായെന്നു് പൂച്ചക്കു മനസ്സിലായി. അതു് ഉടൻ തന്നെ സ്ഥലം വിട്ടു. ആ പച്ചപ്പുൽത്തകിടി വിട്ടു് ഓടി മറഞ്ഞു.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



അനിയൻ & ഡെയ്സി, പാററ്നാ.

കുഞ്ഞനുജന്മാരേ; കുഞ്ഞനുജത്തിമാരേ....

ആ സ്വപ്നത്തിൻെറ അർത്ഥം എന്തെന്നു് നിങ്ങൾക്കറിയാമോ?

''ലില്ലിപുഷ്പം വിശുദ്ധിയുടെ അടയാളമാണ്. സുന്ദരവും വിശുദ്ധവും ആയ ഹൃദയം പാപപങ്കിലമാക്കുവാൻ പിശാച് സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഉയർത്തിപ്പിടിക്കുന്ന കൈയ്കളിൽനിന്നു് പൂക്കൾ തട്ടിയെടുക്കാനും പിച്ചിച്ചീന്താനും പൂച്ചയ്ക്കു കഴിയുന്നില്ല. അതുപോലെ പ്രാർത്ഥന, വേദവായന, വി. കുമ്പസാരം, വിശുദ്ധകുർബാനാനുഭവം ഇതെല്ലാം കൊണ്ടു് ഹൃദയത്തെ സ്വർഗ്ഗോന്നതങ്ങളിലേക്കു് ഉയർത്തിയാൽ പിശാചിൻെറ ആക്രമണത്തിൽ നിന്നു രക്ഷപ്പെടാൻ നമുക്കു കഴിയും.''

പുകവലി, മദ്യപാനം, മയക്കുമരുന്നുകൾ ഇതെല്ലാം ജീവിതവിശുദ്ധി കാർന്നു തിന്നുന്ന കരിമ്പൂച്ചകളാണ്. കൈയ്കൾ താഴ്ത്തിപ്പിടിക്കുന്നവരുടെ കരങ്ങളിൽ നിന്ന് പൂച്ച പൂക്കൾ തട്ടിയെടുക്കുന്നതുപോലെ പുകവലി, മദ്യപാനം, മയക്കുമരുന്നുകൾ ഇതിനെല്ലാം അടിമകൾ ആയിത്തീരുന്നവർ പിശാചിൻെറ കരങ്ങളിൽ ചെന്നുപതിക്കുന്നു. മനുഷ്യരെ പാപത്തിൽ വീഴ്ത്തുന്നതിനുള്ള പിശാചിൻെറ ആയുധങ്ങളാണ് ഈ ദുർഗ്ഗുണങ്ങൾ.



സുശീലയും ഗുണവതിയുമായ ഒരു മാതാവു് തൻെറ മരണ സമയത്ത് പ്രിയ പുത്രനോടു പറഞ്ഞു;—

''എൻെറ ഓമന മകനേ ഞാൻ ഈ ലോകത്തോടു യാത്ര പറയുകയാണ്. അമ്മയ്ക്കു് അവസാനമായി ഒരു അപേക്ഷയുണ്ടു്. ആ അപേക്ഷ നീ കേൾക്കണം. ജീവിതത്തിൽ നീ ഒരിക്കലും മദ്യപിക്കുകയോ പുകവലിക്കുകയോ ചെയ്യരുത്. ഈ രണ്ടു കാര്യങ്ങളിൽ അമ്മയ്ക്കു വാക്കു തന്നാൽ അമ്മ സമാധാനമായി മരിച്ചു കൊള്ളാം.''

ആ നല്ല മകൻ അമ്മയുടെ കൈയ്കളെ ചുംബിച്ചു. അവൻെറ കണ്ണിൽ നിന്നും ചുടു കണ്ണീർ ധാരധാരയായി ഒഴുകി. സൽസ്വഭാവിയായ ആ ബാലൻ അമ്മയുടെ കൈയിൽ പിടിച്ചു കൊണ്ടു് പറഞ്ഞു.

''അമ്മേ ....എൻെറ പ്രിയപ്പെട്ട അമ്മേ.... എൻെറ ആയുസ്സിൽ ഒരിക്കലും ഈ രണ്ടു കാര്യങ്ങളും ഞാൻ ചെയ്കയില്ല....'' ആ നല്ല പ്രതിജ്ഞ എടുത്ത ബാലൻ പിൽക്കാലത്ത് അമേരിക്കൻ പ്രസിഡൻറായിത്തീർന്നു. അദ്ദേഹമാണ് മഹാനായ ഏബ്രഹാംലിങ്കൺ.

പുകവലി, മദ്യപാനം, മയക്കുമരുന്ന് ഇവയുടെ ദോഷങ്ങളെപ്പററി അറിഞ്ഞിരുന്നിട്ടും പലരും അതിൽ നിന്ന് രക്ഷപ്പെടാനാവാതെ വലയുന്നു.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ലാലു, ജസ്ററീൻ, ജോൺസൺ, റോയി, പൂന്തുരുത്തിൽ. [illegible] ആനി ജോർജ്.



ഒരു വിശ്വാസി, ബറോഡ. മത്തായി.

പഴയനിയമത്തിലെ പ്രതികാരമൂർത്തിയായ ദൈവത്തെക്കണ്ട് ഭയപ്പെട്ടകലുകയല്ല, മറിച്ച് പുതിയനിയമത്തിലെ സ്നേഹനിധിയായ ദൈവത്തിങ്കലേക്ക് അടുത്തു വരുകയാണ് നമുക്ക് ഇന്ന് ആവശ്യം ഇതായിരുന്ന സന്ദേശത്തിൻെറ കാതൽ. പഴയനിയമകാലത്തെ സകല പതിതവും മാററുവാനാണ് ക്രിസ്തു ലോകത്തിലേക്ക് വന്നത്. തന്നിൽ വിശ്വസിക്കുന്ന സകലർക്കും രക്ഷ അവൻ ദാനമായി നൽകുന്നു. ദൈവം രക്ഷിക്കുന്നവനാകുന്നു. ആത്മാവിൻെറ രക്ഷ നാം വിലയേറിയതായി കാണണം............... പഴയനിയമം അരിച്ചു പെറുക്കി വിമർശനം നടത്തേണ്ട ആവശ്യമുണ്ടോ' എന്നിത്യാദി കാര്യങ്ങൾ പ: ബാവാ തിരുമേനി പ്രസംഗത്തിൽ ഊന്നിപ്പറയുകയുണ്ടായി. ഈ ശ്രേഷ്ഠമായ ആശയത്തെ തെററിദ്ധരിച്ച് വിമർശിക്കുന്നത് അനാശാസ്യമാണ്.

അടുത്തതായി ദൈവത്തിൻെറ മുൻനിശ്ചയത്തെപ്പററിയും പ: ബാവാ പറഞ്ഞു. ദൈവത്തിനു മുൻ അറിവും മുൻ നിശ്ചയവുമുണ്ട് എന്ന് പ: സഭ വിശ്വസിക്കുന്നു. കാരണം അവൻ സർവ്വജ്ഞാനിയും സർവ്വവ്യാപിയുമാണ്. മനുഷ്യ സൃഷ്ടി, വീണ്ടെടുപ്പ്, സ്വർഗ്ഗാരോഹണം, അന്ത്യന്യായവിധി തുടങ്ങി സുപ്രധാനങ്ങളായ എല്ലാ സംഭവങ്ങളെപ്പററിയും മുന്നറിവുണ്ട്. എന്നാൽ മനുഷ്യൻെറ അനുദിന ജീവിതത്തിൽ അവനു സംഭവിക്കുന്നതെല്ലാം ദൈവം മുൻകൂട്ടി നിശ്ചയിച്ചു വച്ചിട്ടുള്ളവയല്ല. അത് മനുഷ്യൻെറ ജീവിതത്തിൽ പ്രകൃതപ്രകാരം ഒരുവനു വരുന്ന അനുഭവങ്ങളാണ്. നന്മയോ തിന്മയോ തിരഞ്ഞെടുക്കുവാൻ ദൈവം അവനെ അനുവദിച്ചിരിക്കുന്നു. എന്നാൽ അവൻ തിന്മചെയ്തു വളരെയേറെ ദോഷം ഉണ്ടാക്കുന്നുണ്ട്. ഇതു് സഭയുടെ വിശ്വാസമത്രേ.

ഏദൻ തോട്ടത്തിൽ മനുഷ്യൻ പഴം പറിച്ചു തിന്ന് പാപിയായി തീരണമെന്ന് ദൈവം മുന്നമേ നിശ്ചയിച്ചിരുന്നില്ല. തിന്നുവാനും തിന്നാതിരിക്കുവാനും ഉള്ള സ്വാതന്ത്ര്യം ദൈവം അവനു നല്കി. ഇത് രണ്ടിനേയും ഒരുപോലെ സ്വീകരിക്കാമായിരുന്നു. എന്നാൽ അവൻ സ്വീകരിച്ചതു് അനുസരണക്കേടിനെയാണ്. ദൈവം മുന്നമേ നിശ്ചയിച്ച് അവനെക്കൊണ്ട് അതു് സ്വീകരിപ്പിച്ചതല്ല. മറിച്ച് അവൻെറ സ്വാതന്ത്ര്യ പ്രകാരം അത് അവൻ തിരഞ്ഞെടുത്തത് തന്നെ ആണ്. നന്മ തിന്മകളെ കുറിച്ചുള്ള അറിവിൻെറ വൃക്ഷം അവൻെറ ആത്മീയ വളർച്ചയ്ക്കുവേണ്ടി ദൈവം നിശ്ചയിച്ച ഒന്നാണ്. അവൻ നന്മ തിന്മകളെ തിരിച്ചറിഞ്ഞു്

മദ്ധ്യസ്ഥതയാലുള്ള
ഉപകാരസ്മരണയ്ക്ക്



W. തോമസ്, എ. തോമസ്, പി. ബി. ഭവൻ



# അനുതാപ ഗീതങ്ങൾ

## മാർ സേവേറിയോസ് മെത്രാപ്പോലീത്താ

( കരളലിവേറീടും താതാ (അല്ലെങ്കിൽ) ആത്മാവേ എന്തു നിനവിൽ (അല്ലെങ്കിൽ) ദൈവമെ അനുഗ്രഹിക്ക എന്ന രീതികളിൽ ചൊല്ലാം.)

കരയും കടലും കേഴും ഞാൻ
എന്നെ പ്രതിയാദ്യം കേഴും
എന്നുടെ ദുഷ്ടതയോർത്തയ്യോ
രാവും പകലും കേഴും ഞാൻ
കഠിനം നിലവിളി കൂട്ടും ഞാൻ
മഴപോൽ ബാഷ്പം തൂകും ഞാൻ
എൻ ദുഷ്ടതകളെ മുൻ നിർത്തി
ഞാൻ പ്രലപിക്കുമഹോരാത്രം
വിലപിക്കുന്നൊരു ദർശനനാം
ഹെൽക്കീയാ സുതനെപ്പോലെ
എൻ ദുഷ്കൃതികളെ ഓർത്തയ്യോ
രാവും പകലും ഞാൻ കേഴും
ദാവീദു സമം കണ്ണീരും
മഗ്ദലയാൾ പോൽ നെടുവീർപ്പും
കീപ്പാ പോൽ ഗദ്ഗദവും ഞാൻ
എൻ പിഴയോർത്തർപ്പിച്ചീടും

പള്ളികളിൽ പുകഴാർന്നോൻ ഞാൻ
സംഘടനകളിൽ പേരുള്ളോൻ
പരിപാടികളിൽ പടുവാമെൻ
തിന്മകളോർത്താൽ കഷ്ടം താൻ
ശ്ലീഹാ പദവിക്കൊപ്പമഹോ
ദിവ്യവരം പ്രാപിച്ചോൻ ഞാൻ
അയ്യോ കഷ്ടം തിന്മകളാൽ
ഹീനമൃഗത്തിനു സമനായി
ദാവീദുസമം ഞാൻ പാടി
പൊയ്പോയോനേ ഞാൻ നേടി
എന്നാലും മൃതതുല്യൻ ഞാൻ
പ്രാപിച്ചില്ല പരിജ്ഞാനം
പുതുമകൾ ഞാൻ പ്രവഹിപ്പിച്ചു
ബഹുകാര്യങ്ങൾ കേൾപ്പിച്ചു
അയ്യോ നിൻ വചനങ്ങളെ ഞാൻ
കേട്ടില്ലാ പാലിച്ചില്ലാ
ഭാഗ്യമനേകരെനിക്കേകി
ദൃഷ്ടാന്തം പോൽ ഞാൻ വിലസി
നിന്നേനയ്യാ ജനമദ്ധ്യേ
വലുതാം തിരശ്ശീലയ്ക്കൊപ്പം

നിരന്തരം നന്മ ചെയ്തിരുന്നെങ്കിൽ മനുഷ്യവർഗ്ഗത്തിൻെറ നില ഇന്ന് എന്തായിരുന്നേനേ. ആ ഉന്നത നിലയാണ് ഓരോ മനുഷ്യനെപ്പററിയും ദൈവം ആഗ്രഹിക്കുന്നത്.

മറെറാരുദാഹരണം കൂടി; മദ്യപിച്ചു കൊണ്ട് വണ്ടി ഓടിക്കുന്നയാൾ വണ്ടി മറിച്ചു അപകടം വരുത്തിയാൽ അതിൻെറ ഉത്തരവാദിത്തം ദൈവത്തിലാരോപിക്കുവാൻ കഴിയുമോ? ദൈവം മുന്നമേ നിശ്ചയിച്ച് ഡ്രൈവറെക്കൊണ്ട് മദ്യപിപ്പിക്കുകയും, വണ്ടിയിലുണ്ടായിരുന്ന നിരപരാധികളായ അനേകരെ കൊല്ലുവാൻ ആലോചന ചെയ്തു വെയ്ക്കുകയും ചെയ്തിരുന്നു എന്നു പറഞ്ഞാൽ അതിൻെറ അർത്ഥം എന്താണ്. അതിൽ സത്യമുണ്ടോ?

മദ്യപിക്കുവാനും മദ്യപിക്കാതിരിക്കുവാനും ഉള്ള സ്വാതന്ത്ര്യം മനുഷ്യനു ദൈവം നല്കിയിരിക്കുന്നു. അതിൽ നന്മയെ സ്വീകരിച്ച് നന്മ അനുഭവിക്കേണ്ടവക്ക് അപ്രകാരവും, മറിച്ച് തിന്മയെ സ്വീകരിച്ച് തിന്മ അനുഭവിക്കണമെന്നുള്ളവക്ക് അതും തിരഞ്ഞെടുക്കുവാൻ മനുഷ്യനു് ദൈവം ബുദ്ധിയും സ്വാതന്ത്ര്യവും നല്കിയിട്ടുണ്ട്. നാം അനുഭവിക്കുന്ന എല്ലാ നന്മയും, തിന്മയും, സന്തോഷവും, ദുഃഖവും ഒരേ സമയത്ത് ഒരുപോലെ മുഴവനായി കാണുവാനും അറിയുവാനും ദൈവത്തിനു് കഴിവുണ്ട്. അവയെല്ലാം നമ്മുടെ സ്വന്ത പ്രവൃത്തികളുടെ അനുഭവമാണ്. അല്ലാതെ ദൈവത്തിനു് അതിൽ പങ്കില്ല.

നാം മദ്യഷാപ്പിലേക്ക് പോകണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. എന്നാൽ നാം അവിടേക്കു് പോകുന്നതും, മദ്യം കഴിക്കുന്നതും അതിനുശേഷം കാട്ടിക്കൂട്ടുന്ന വിക്രിയകളുമെല്ലാം ദൈവം കാണുകയും അറിയുകയും ചെയ്യുന്നു. ആയതു് ദൈവത്തെ ദുഃഖിപ്പിക്കുന്നു. മനുഷ്യനെ രക്ഷിപ്പാനായി തൻെറ സ്വന്ത പുത്രനെതന്നെ ദൈവം ലോകത്തിലേക്കു് അയച്ചു. ഇതു് നമ്മുടെ വിശ്വാസപ്രമാണത്തിൻെറ അടിസ്ഥാന തത്വമത്രെ. ഇതു് ശരിയായി മനസ്സിലാകാത്തതുകൊണ്ടാണ് തെററിധാരണ ഉണ്ടാകുന്നത്.

—o—

ഐതീഹ്യങ്ങളും ചരിത്രവും

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ – (തുടർച്ച)

### അർക്കദിയാക്കോനെതിരെ ഗാർഷ്യയുടെ തെളിവെടുപ്പ്

തോമ്മാ അക്കദിയാക്കോനെ കാനോനികമായി തറപററിക്കുന്നതിനായിട്ടായിരുന്നു 1649 ഡിസംബർ 30–നു് അക്കദിയാക്കോൻെറ മേൽശിക്ഷണ നടപടി കൊടുങ്ങല്ലൂർ നിയമാധികാരി വഴി കൈക്കൊണ്ടതിൻെറ വിചാരണ ഉദയമ്പേരൂർ പള്ളിയിൽ വച്ചു നടന്നത്. (ഉദയമ്പേരൂർ പള്ളിയും, ആ പ്രദേശവും മലങ്കര നസ്രാണികളെയും, അവരുടെ തലവന്മാരെയും അടിപ്പെടുത്തുവാൻ സൃഷ്ടിച്ചതാണെന്ന് ചരിത്രപഠനം മൂലം പറയേണ്ടി വരുന്നത് വേദനയോടെയാണ്)

ഇക്കാലയളവിൽ 1648–49 അക്കദിയാക്കോൻ, അലക്സന്ത്രിയ, അന്ത്യോഖ്യാ, ബാബിലോൺ എന്നി പാത്രിയക്കീസന്മാർക്ക്, ഇവിടേക്ക് ഒരു മെത്രാനെ അയച്ച് സഹായിക്കണമെന്ന് എഴുതി. അക്കദിയാക്കോൻ തൻെറ കത്തിൽ ജസ്യൂട്ടുകൾ തങ്ങളോടു കാണിക്കുന്ന ഉദാസീനത, അവഗണന ഇവകളെ പെരുപ്പിച്ചു എഴുതിയിരുന്നു.

അക്കദിയാക്കോൻെറ മേൽ ആരോപിച്ച 9 കുററങ്ങൾ മുമ്പ് നാം കണ്ടവ തന്നെയാണ്. ഉദയമ്പേരൂരും, പിറവത്തും അക്കദിയാക്കോനെതിരായി തെളിവെടുപ്പുകൾ ഗാഷ്യാ നടത്തി. അതിൽ തെളിവു നൽകിയവർ പറങ്കികളുടെ ആശ്രിതന്മാരായിരുന്ന ഒരു കൂട്ടം ആളുകളായിരുന്നു. ആരോപണങ്ങളുടെ ചുരുക്കം, ഗാഷ്യായുടെ അധികാരം കവന്നു് പ്രവർത്തിച്ചു, ഗാഷ്യായുടെ കല്പനകൾക്കെതിരായി പ്രവർത്തിച്ചു, കാനൂൻ ലംഘനങ്ങൾ ചെയ്തു എന്നൊക്കെയായിരുന്നു. മലങ്കര സഭയിൽ പറങ്കികൾക്കൊ റോമാ സഭയ്ക്കോ എന്തധികാരമാണുണ്ടായിരുന്നതു്? അവർ സ്വയം പ്രഖ്യാപിച്ച് സൈനീക ശക്തിയാൽ കവന്നെടുത്തു്, സൈനീക ബലത്താൽ നിലനിർത്തിയതും, പിന്നീട് കള്ളപ്രമാണങ്ങളും കഥകളും പ്രചരിപ്പിച്ച്, ഊട്ടി ഉറപ്പിച്ചതുമായ അധികാരം മാത്രമേ അവർക്കിവിടെ ഉള്ളു. അർക്കദിയാക്കോൻ അവരുടെ കവച്ചയെ ഉന്മൂലനം ചെയ്യുവാൻ ഇവിടെ പരമ്പരയാ തുടന്നുവന്ന ജാതിത്തലവൻെറ അധികാരങ്ങൾ പ്രയോഗിച്ചു. അതാണ് ആരോപണങ്ങളിലെ വിഷയങ്ങൾ.

ഞാൻ പാതകിയും നിരസിതനും
മടിയനുമാണെന്നറിയുന്നേൻ
അൻപുടയോനാമഖിലേശാ
ന്നന്യൻ ഞാനന്യായത്തിൽ

എന്നെ പ്രതിയെൻ സ്നേഹിതരും
പരിചിതരും കൈയ്പ്പൊടു കേഴും
നാനാവിധമായ് ഞാനയ്യോ
പാരമധർമ്മ മനുഷ്ഠിച്ചു.

നിബിയരെ ഞാൻ കേട്ടിട്ടില്ലാ
ശ്ലീഹന്മാരൊടു മല്പാന്മാർ
എന്നിവരെ ശ്രദ്ധിച്ചില്ല
പാർക്കിലെനിക്കയ്യോ കഷ്ടം (തുടരും)

### ജെയിക്കബ് തോമസ് നടുവിലേക്കര

ഷാജഹാൻെറ കാലത്ത് കൽക്കട്ടാ പ്രദേശത്ത് താവളമടിച്ച പറങ്കികൾ അവിടെ മുഹമ്മദീയ സ്ത്രീകളോടും മററും അപമര്യാദ കാട്ടിയതിനു് മുംതാസ് രാജ്ഞിയുടെ അടുക്കൽ പരാതി എത്തി. ഒട്ടും വൈകിയില്ല മുഗൾസൈന്യം അവിടെയെത്തി. അവർ പറങ്കി കോളനിയിൽ ''ഒരു തിരുവാതിര'' സൈനീക മുറയിൽ നടത്തി. സ്ത്രീകളെയും കുട്ടികളെയും നീക്കി ബാക്കി ആൺപറങ്കികൾ ഏറെയും വധിക്കപ്പെട്ടു. ശേഷിച്ചവർ ഒന്നിനും കൊള്ളാത്തവിധം മർദ്ദിക്കപ്പെട്ടിരുന്നു. ചൈനയിൽ ഈ പാതിരിമാർ ചെന്ന് പറങ്കിക്കളി നടത്തി. പലക്കും ജീവനും അവയവങ്ങളും, നഷ്ടപ്പെട്ടു. ചിലക്ക് നഗ്നരായി ഓടേണ്ടിയും വന്നു. എന്നാൽ ഇവിടത്തെ ഷോട്ടാ നാടുവാഴികൾക്ക് കുടിപ്പകതീർക്കാൻ വിദേശികളായ പറങ്കികളെ കൂട്ടുപിടിക്കേണ്ടിയിരുന്നു. പിന്നെ ഇങ്ങനെയൊക്കെ ഭവിച്ചെങ്കിൽ അതിശയിപ്പാനോ, കണ്ണിതപ്പെടുവാനോ ഇല്ല.

### അർക്കദിയാക്കോൻ വഴങ്ങുന്നില്ല

ആരോപണങ്ങളിന്മേൽ സാക്ഷി വിസ്താരങ്ങൾ നടത്തിയശേഷം അർക്കദിയാക്കോൻ ഗാഷ്യയുടെ



പക്കൽ ഹാജരായി സമാധാനം ബോധിപ്പിക്കണമെന്ന് കൊടുങ്ങല്ലൂർ ഭദ്രാസനദേവാലയത്തിലും, വല്ലാർപാടം ലത്തീൻ പള്ളിയിലും കൊടുങ്ങല്ലൂർ വൈദീകകോടതിയുടെ കല്പന എഴുതി പതിപ്പിച്ച് പരസ്യപ്പെടുത്തി. അർക്കദിയാക്കോൻ ആ ഭാഗത്തേക്കു് തിരിഞ്ഞതേയില്ല. 1650 ജനുവരി 1, 2, 6, തിയതികൾ വരെ ഹാജരാകുവാൻ ഉള്ള സാവകാശവും നൽകിയിരുന്നു. ഹാജരാകാത്തപക്ഷം അർക്കദിയാക്കോനു് എക്സ് പാർട്ടിയായി excommunication ''മുടക്ക്'' ശിക്ഷ താനേ ഭവിക്കുമെന്ന് ഗാഷ്യാ പ്രഖ്യാപിച്ചു. അപ്പോഴും അർക്കദിയാക്കോൻ അതിനെ അവഗണിക്കുകയാണു ചെയ്തത്. കൊച്ചിയിലെ പറങ്കി മുൻസിപ്പൽ അധികാരികൾ ഇടപ്പള്ളിപ്പള്ളിക്കു് പോകുവാൻ ആരെയും അനുവദിച്ചില്ല. 14–4–1650ൽ നടപടി പൂർണ്ണമായതായി ഗാഷ്യാ പ്രഖ്യാപിച്ചു. ഇത് മാമ്മലശ്ശേരി പള്ളിയിൽ വച്ചായിരുന്നു. ഇടപ്പള്ളിപ്പെരുന്നാളിനു് കൊച്ചീക്കാർ പോകുന്നത് നിരോധിച്ചതിനെപ്പററി കൊച്ചിയിലെ പറങ്കിക്യാപ്ററനു് എഴുതിയ അർക്കദിയാക്കോൻ ഗാഷ്യായെ നീതികരിച്ചുള്ള മറുപടിയാണ് ലഭിച്ചതു്.

അർക്കദിയാക്കോനും, മൂടക്കേററ സഹോദരൻ കത്തനാർ കുര്യതും (ഗീവറുഗീസ്) ഈ നടപടികളെ ഗൗനിക്കാതെ തൻെറ പക്ഷക്കാരുമായി ഇടപ്പള്ളിയിൽ കഴിഞ്ഞതല്ലാതെ വഴങ്ങിയതേയില്ല. അനുജൻ കുര്യതു് കത്തനാരെ അടിയന്തിരമായാണ് മുടക്കിയത്. ഈ കുര്യതു് കത്തനാരായിരുന്ന പിന്നീട് മൂന്നാം മാർത്തോമ്മാ ആയത്.

ഗാഷ്യായുടെ നടപടികൾക്കെതിരായി അർക്കദിയാക്കോൻ പേർട്ടുഗലിലും, റോമായിലും പരാതികൾ അയച്ചു. എന്നാൽ അവിടെയെല്ലാം അർക്കദിയാക്കോൻെറ പരാതികളെ അവഗണിച്ച് തള്ളുവാൻ തക്കവിധം ജസ്യൂട്ടുകൾക്ക് ശക്തമായ സ്വാധീനമുണ്ടായിരുന്നു. അഥവാ മാർപാപ്പാ അർക്കദിയാക്കോനു് അനുകൂലമായി കല്പന അയച്ചാലും പോർട്ടുഗലിൻെറ പദ്രൊവാദൊ അധികാരം മൂലം ജസ്യൂട്ടുകൾക്ക് ആ കല്പനയെ അവഗണിക്കാമായിരുന്നു.

അർക്കദിയാക്കോൻ വീണ്ടും ഗാഷ്യായുമായി രമ്യതയിലാകുവാൻ വാഞ്ഛിച്ചു എന്നും അത് പോർട്ടുഗലിൽ നിന്നുള്ള ശമ്പളം നഷ്ടപ്പെടാതിരിക്കുവാനുള്ള തന്ത്രമായിരുന്നു എന്ന് ഗാഷ്യാ പറഞ്ഞതായും കൊച്ചിയിലെ ക്യാപ്ററൻ മൂലമായിരുന്ന ആലോചനകൾ എന്നും ഒരു പ്രബന്ധകത്താവ് പറയുന്നു.

### വീണ്ടും അനുരഞ്ജനശ്രമം

1652–ൽ കൊച്ചീക്കോട്ടയുടെ ക്യാപ്ററൻ അന്തോണീദ് സിൽവാദാ മെനേസിസ് ഗാഷ്യായേയും അർക്കദിയാക്കോനെയും രമ്യതയിൽ എത്തിക്കുവാൻ ഒരു അവസാന ശ്രമം നടത്തി. ഇതു് രണ്ടുപേരും രമ്യതയും സമാധാനവും വേണം എന്ന് പ്രഖ്യാപിച്ചതുമൂലമായിരുന്നു. എന്നാൽ രണ്ടുപേരും വിട്ടുവീഴ്ചയ്ക്കോ, കീഴ്പെടലിനോ തയ്യാറില്ല. ഗാഷ്യാ 1645 ലെ ആവശ്യങ്ങൾ തുടന്നു് ഉന്നയിച്ച് ഉറച്ചുനിന്നു. അർക്കദിയാക്കോനു് ആ പല്ലവി കേൾക്കുവാൻ അശേഷം ഇഷ്ടമില്ലാതെ പഴയപോലെ തന്നെ ഉറച്ചു നിന്ന് സ്വീകരിച്ചു. അവരുടെ തർക്കം തുടന്നു. സമാധാനമായില്ല എന്നാണ് ഗാഷ്യായുടെ കാലം വിവരിക്കുന്ന ഫാ. ജോസഫ് തെക്കേടത്തു് പറയുന്നതു്.

ഫാ. കൊല്ലപറമ്പിൽ പറയുന്നതു്. ''അർക്കദിയാക്കോനു് ജനപിൻതുണ പോയി എന്ന് ഗാഷ്യായും കൂട്ടരും പറഞ്ഞു പരത്തി. ലിസ്ബനിലേക്കും റോമിലേക്കും എഴുതി. എന്നാൽ വാസ്തവം അർക്കദിയാക്കോനു് ബഹുഭൂരിപക്ഷം നസ്രാണികളുടെയും പിൻതുണ ഉണ്ടായിരുന്നു'' എന്നതാണ്. ഇതിനിടയിൽ ഇടവകകൾ സന്ദർശിക്കുവാൻ സഞ്ചരിച്ചിരുന്ന ജസ്യൂട്ടുകൾ ഗാഷ്യായെ തള്ളിപറഞ്ഞിരുന്ന അർക്കദിയാക്കോൻ കക്ഷികളുടെ ഇടയിൽ ഗാഷ്യായുടെ ചെയ്തികൾക്ക് തങ്ങൾ ഉത്തരവാദികളൊ, കൂട്ടാളികളോ അല്ലാ തങ്ങൾ ദൈവ വചനം പ്രചരിപ്പിക്കുവാനും, ആത്മീയദിഷ്ടിതികൾ നടത്തിക്കൊടുപ്പാനും മാത്രം വന്നവരാണ് എന്നു പറഞ്ഞു നടന്നു. ഗാർഷ്യാപക്ഷക്കാരുടെ ഇടയിൽ ഗാർഷ്യാ പക്ഷക്കാരായി തന്നെ അവർ സഞ്ചരിച്ചു. അതും നയതന്ത്രമെന്നുതന്നെ പറയാം.

അടുത്ത ലക്കത്തിൽ:–

**മലങ്കര നസ്രാണികളുടെ തിക്താനുഭവങ്ങളെപ്പററി റോമൻ കത്തോലിക്കാ ചരിത്രകാരൻമാരുടെ സാക്ഷ്യങ്ങൾ**

# റമ്പാൻസ്ഥാനം നൽകി

സുന്നഹദോസ് ഓഫീസ് സെക്രട്ടറി വെരി. റവ. കെ. സി. ഉമ്മൻ കോറെപ്പിസ്കോപ്പായിക്ക് തേയോഫോറോസ് എന്ന പേരിലും, കണ്ടനാട് സെമിനാരി മാനേജർ ഫാ. എം എ. വർഗീസ് പണിക്ക് സിറിൽ എന്ന പേരിലും, ഇടമുളയ്ക്കൽ മാർ ദീവന്ന്യാസ്യോസ് സെൻറർ മാനേജർ ഫാ. എ. എ. മത്തായിക്ക് ബർസൗമാ എന്ന പേരിലും, അഴത മലങ്കര എസ്റ്റേറ്റ് മാനേജർ ഫാ. എ. പി കര്യന് ബർസ്ക്കീപ്പാ എന്ന പേരിലും പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് റമ്പാൻ സ്ഥാനം കാതോലിക്കേററ് അരമനചാപ്പലിൽ വച്ച് ആഗസ്റ്റ് 29–ാം തീയതി നൽകി.

അന്നേ ദിവസം രാവിലെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി കുർബ്ബാന അർപ്പിച്ചു. വി. കുർബ്ബാനമദ്ധ്യേ പ. ബാവാ തിരുമേനി, മാർ കൂറീലോസ്, മാർ പക്കോമിയോസ്, മാർ എപ്പിപ്പാനിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിൽ റമ്പാൻ സ്ഥാനദാന ശുശ്രൂഷ നടത്തി.

റമ്പാന്മാർ, കോറെപ്പിസ്കോപ്പാമാർ, പട്ടക്കാർ മുതലായി ധാരാളം വൈദീകരും വലിയ ഒരു ജനക്കൂട്ടവും ഈ ശുശ്രൂഷയിൽ സംബന്ധിച്ചു.

## റമ്പാൻ തേയോഫോറോസ്

ആറാട്ടുപ്പുഴ താഴത്തേടത്ത് പരേതനായ ററി. ഓ. ചാക്കോയുടെ സീമന്ത പുത്രൻ. കോളജു വിദ്യാഭ്യാസം കഴിഞ്ഞ് മലയാ ഗവർമ്മെൻറിൽ ജോലി സ്വീകരിച്ചു. കാലംചെയ്ത പുത്തൻ കാവിൽ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം ജോലി രാജിവച്ച് നാട്ടിൽ വന്നു. ഈ അവസരത്തിൽ സ്വന്തം ഇടവകയായ ആറാട്ടുപുഴ സെ. മേരീസ് പള്ളിയിൽ വച്ചു നടന്ന സണ്ടേസ്ക്കൂൾ അദ്ധ്യാപക പരിശീലന ക്ളാസിൽ നേതൃത്വം നൽകിയിരുന്ന ഫാ. കെ. ഡേവീഡ് ഫാ. വി. കെ. മാത്യൂസ് (ഇപ്പോഴത്തെ കാതോലിക്കാബാവാ) ഫാ. പി. ഈ. ദാനിയേൽ (ദാനിയേൽ മാർ പീലക്സീനോസ്, ഫാ. ഈ. മാത്യൂസ് (നിയുക്ത കാതോലിക്കാ മാർ കൂറീലോസ്) എന്നിവരുടെ നിർദ്ദേശപ്രകാരം ഓതറ ദയറായിൽ ധ്യാനത്തിനു പോവുകയും അവിടെ നിന്ന് മാർ പീലക്സീനോസ് തിരുമേനിയോടുകൂടി പത്തനംതിട്ട ബേസിൽ ദയറായിൽ ചേർന്ന് 1948–ൽ സഭാപ്രവർത്തനമാരംഭിക്കുകയുംചെയ്തു. കൽക്കട്ടാ ബിഷപ്സ് കോളജിലും ഇംഗ്ലണ്ടിൽ കാൻറർബറി സെ. ആഗസ്റ്റിൻ കോളജിലും വൈദികവിദ്യാഭ്യാസം നടത്തി. പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായിൽ നിന്ന് യൗപ്പദിയക്നോപട്ടം സ്വീകരിച്ചു. കൽക്കട്ടായിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പ. ബാവാ അവിടുത്തെ അമ്മീനിയൻ പള്ളി സന്ദർശിച്ചയവസരത്തിൽ അവിടെവച്ച് പൂർണ്ണ ശെമ്മാശ്ശുപട്ടം നൽകി. നാട്ടിൽ തിരിച്ചെത്തിയശേഷം ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിൻെറ ജനറൽ സെക്രട്ടറിയായി നിയമിക്കപ്പെടുകയും ഇന്നു കാണുന്ന രീതിയിൽ യുവജനപ്രസ്ഥാനത്തെ 6 വർഷംകൊണ്ട് വളർത്തിയെടുക്കുകയുംചെയ്തു. തുമ്പമൺ ഭദ്രാസന സെക്രട്ടറിയായി 1953 മുതൽ 83 വരെയുള്ള കാലഘട്ടത്തിൽ ആറു തവണ ബ. അച്ചൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ അവസരത്തിൽ ഭദ്രാസന വൈദീകശമ്പളപദ്ധതി മുതലായ പല കാര്യങ്ങളും പൊതു പ്രസ്ഥാനങ്ങളും ഭദ്രാസന വളർച്ചയ്ക്കുവേണ്ടി ചെയ്തു. 1958–ൽ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ കശ്ശീശാ പട്ടം നൽകി.

പുത്തൻകാവ്, പത്തനംതിട്ട, തുമ്പമൺ, തിരുവല്ലാ എം, ജി. എം. എന്നീ ഹൈസ്കൂളുകളിലും മാവേലിക്കര ട്രെയിനിംഗ് സ്കൂളിലും അദ്ധ്യാപകനായും ഹെഡ്മാസ്റററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1969 പത്തനംതിട്ട ഹൈസ്കൂൾ ഹെഡ്മാസ്റററായിരിക്കുമ്പോൾ അദ്ധ്യാപകർക്കുള്ള സ്റ്റേററ് അവാർഡും 1976 ൽ എം. ജി. എം ഹൈസ്കൂൾ ഹെഡ്മാസ്റററായിരിക്കുമ്പോൾ അദ്ധ്യാപകർക്കുള്ള നാഷണൽ അവാർഡും ലഭിച്ചു.

1970 മുതൽ 77 വരെ അഖില കേരള ഹെഡ്മാസ്റേറർസ് അസോസ്യേഷൻ പ്രസിഡൻറായും വിദ്യാഭ്യാസമണ്ഡലത്തിൽ പ്രവർത്തിച്ചു.

പത്തനംതിട്ടയിലും തിരുവല്ലായിലും വൈസ് മെൻസ് ക്ളബ്. മുതലായ സാമൂഹ്യസംഘടനകളിലും പ്രസിഡൻറായി പ്രവർത്തിട്ടുണ്ട്. 1981–ൽ ബസ്സേലിയോസ് മാർ തോമ്മാ മത്യൂസ് പ്രഥമൻ ബാവാ കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. 1983 മുതൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്



# സഭാ വാർത്തകൾ

## യുവജന കോൺഫറൻസ്

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡൻറ് മൂവ്മെൻറിൻെറയും യൂത്ത് മൂവ്മെൻറിൻേറയും സംയുക്താഭിമുഖ്യത്തിൽ തമിഴ്നാട്ടിലെയും കർണാടകത്തിലെയും യുവജനങ്ങൾക്കുവേണ്ടിയുള്ള ദക്ഷിണ മേഖലാ കോൺഫറൻസ് ഒക്ടോബർ ഒന്ന

---

ഓഫീസ് സെക്രട്ടറിയായി ദേവലോകം അരമനയിൽ താമസിച്ചുകൊണ്ട് സേവനമനുഷ്ഠിച്ചുവരുന്നു.

കാളിയാങ്കൽ കുടുംബത്തിൻെറ ശാഖയായ പുത്തൻകാവു വലിയവീട്ടിൽ കുടുംബയോഗത്തിൻെറ പ്രസിഡൻറാണ് ബ. റമ്പാച്ചൻ.

സഭാമാനേജിംഗ് കമ്മററി, വർക്കിംഗ് കമ്മററി, കോളജ് ഗവർണിംഗ് ബോർഡ്, സ്കൂൾ അഡ്വൈസറി ബോർഡ്, പരുമല സെമിനാരി കൗൺസിൽ മുതലായവയിൽ മെമ്പറായി സഭാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഇദ്ദേഹത്തിനു 65 വയസ്സുണ്ട്.

## റമ്പാൻ സിറിൽ

ചെങ്ങമനാട്ട് ബേത്ലഹേം ആശ്രമാംഗവും, കുണ്ടറ സിമ്മിനാരി മാനേജരും മലങ്കര ഓർത്തഡോക്സ് സന്യാസ സമൂഹയോഗ ജനറൽ സെക്രട്ടറിയുമാണ് ഇദ്ദേഹം.

ഫാദർ പണിക്കർ (60) അട്ടൂർ മാവേലിക്കര പുതിയകാവ്, കോഴിക്കോട്, സിംഗപ്പൂർ, മലയാ, കൊല്ലം, വെല്ലൂർ' തിരുവനന്തപുരം എന്നീ ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളതു കൂടാതെ 1500 ൽ പരം കൊല്ലങ്ങൾ പഴക്കമുള്ള ഈജിപ്തിലെ മരുഭൂസന്യാസാശ്രമങ്ങളിൽ താമസിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. വിശുദ്ധ നാടുകൾ സന്ദർശിച്ചിട്ടുള്ള അച്ചൻ ചരിത്ര –വേദശാസ്ത്ര –ധ്യാനപരങ്ങളായ ഒൻപതു പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവു് കൂടെയാണ്.

## റമ്പാൻ ബർസൗമാ

കോഴഞ്ചേരി പ്ലാമ്മൂട്ടിൽ അട്ടത്തറ വീട്ടിൽ അബ്രഹാമിൻെറ പുത്രനാണ് ഇദ്ദേഹം. 56 വയസ് പ്രായമുണ്ട്.

പത്രോസ് മാർ ഒസ്താത്തിയോസ് തിരുമനിയുടെ കീഴിൽ മാർ കുറിയാക്കോസ് പള്ളിയിൽ സ്ലീബാ ദാസനായി പ്രവർത്തിച്ചിരുന്നു. 1958 ജനുവരിയിൽ ഓതറ ദയറായിലെ അംഗമായി. 1959 മുതൽ 61 വരെ പഴയ സെമ്മിനാരിയിൽ അഭ്യസനം നടത്തി. 1961 മുതൽ 1986 വരെ കൂറീലോസ് തിരുമേനിയുടെ മാനേജ്മെൻറിലുള്ള ചെറുവക്കൽ സെൻറ് ജോർജ്ജ് യു. പി. സ്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു.

കൂറീലോസ് തിരുമേനി 1963 സെപ്ററംബറിൽ യൗപ്പദിയക്നോപട്ടവും, 1964 ഫെബ്രുവരിയിൽ ശെമ്മാശ്ശ പട്ടവും, 1964 ഫെബ്രുവരിയിൽ കശ്ശീശാ പട്ടവും നല്കി.

ചെറുവക്കൽ സെൻറ് ജോജ്ജ്, ആയൂർ സെൻറ് മേരീസ്, കുളത്തൂപ്പുഴ സെൻറ് ജോർജ്ജ്, ഇളമാട് സെൻറ് തോമസ്, ആദിച്ചനല്ലൂർ മാർ ബഹനാൻ, പൂയപ്പള്ളി സെൻറ് പീറേറഴ്സ് ആൻറ് സെൻറ് പോൾസ്, കരവാളൂർ സെൻറ് ജോർജ്ജ്, ചോഴിയക്കോട് സെൻറ് മേരീസ്, ചണ്ണപ്പേട്ട സെൻറ് മേരീസ്, മീൻകുളം മാർ ഏലിയാസ്, കരിഭന്തോട്ടുവാ സെൻറ് മേരീസ്, മണ്ണൂർ മത്ത ശ്മുനി, ഉളിയനാട്ടുബഥേൽ, തുമ്പോട് മാർ കുറിയാക്കോസ് എന്നീ പള്ളികളിൽ വികാരിയായിരുന്നിട്ടുണ്ട്. 1987 ജൂൺ 1 മുതൽ ഇടമുളയ്ക്കൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെമ്മോറിയൽ സഭാ കേന്ദ്രത്തിൽ താമസിക്കുന്നു.

## റമ്പാൻ ബർസ്ക്കീപ്പാ

കുമ്പഴ കിഴക്ക് സെ. ശെവൂൻ ദെസ്തുനി ഇടവകയിൽ കോതാലിൽ മേലേമണ്ണിൽ കര്യൻ ഫിലിപ്പിൻെറ മകനാണ് ഇദ്ദേഹം. ഇൻറർമീഡിയററു പാസ്സായശേഷം വൈദികവിദ്യാഭ്യാസം നടത്തി.

54 വയസ്സുള്ള റമ്പാച്ചൻ കന്നുകുഴി സെ. മേരീസ്, കുമരകം സെ. ജോൺസ്, മുണ്ടക്കയം സെ. തോമസ്, നെററിത്തൊഴു സെ. ജോർജ്, പാമ്പനാർ മാർ ഗ്രീഗോറിയോസ്, വലിയ തോവാള സെ. മേരീസ്, കല്ലൂർ സെ. മേരീസ്, ഏലപ്പാറ സെ. മേരീസ്, പള്ളിക്കുന്നു സെ. ജോർജ്ജ്, പീരുമേട് സെ. തോമസ് എന്നീ പള്ളികളിൽ വികാരിയായിരുന്നിട്ടുണ്ട്.

ഇടുക്കി ഭദ്രാസന കൗൺസിൽ അംഗമായും സഭാ മാനേജിംഗ് കമ്മററി അംഗമായും സേവനമനുഷ്ഠിക്കുന്നു.

1967 മുതൽ സഭവക മലങ്കര ചർച്ച് കോഫി എസ്റ്റേററ് മാനേജരാണ്. സഭവക പള്ളിക്കുന്ന് പ്രോപ്പർട്ടിയുടെയും മേൽനോട്ടം വഹിക്കുന്നു.

പ്രവർത്തകരെ പങ്കെടുപ്പിച്ചു കൊണ്ടു് പരിശീലന ക്യാമ്പ് ആഗസ്റ്റ് 8 ാം തീയതി, കാഞ്ചിയാർ സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ചു നടത്തി. ഭദ്രാസനാധിപൻ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായും പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ഒ. തോമസും ക്യാമ്പിനു നേതൃത്വം നൽകി.

## ക്രിസ്ത്യൻ കോൺഫറൻസ് ജനറൽ കമ്മററി

ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ ജനറൽ കമ്മററിയുടെ രണ്ടാമതു സമ്മേളനം 1987 ജൂൺ 23 മുതൽ 27 വരെ ഹോംകോംഗിൽ വച്ച് നടന്നു. 16 ഏഷ്യൻ രാജ്യങ്ങളിൽ നിന്ന് പ്രതിനിധികൾ സംബന്ധിച്ച ഈ സമ്മേളനത്തിൽ മലങ്കര സഭയെ പ്രതിനിധീകരിച്ച് കേരള സ്റ്റേററ് സോഷ്യൽ വെൽഫയർ അഡൈ്വസറി ബോർഡ് ചെയർമാൻ സാറാമ്മ ജേക്കബ് ഇലഞ്ഞിക്കൽ സംബന്ധിച്ചു. എല്ലാ ദിവസവും പ്രാർത്ഥനയോടും പ്രത്യേക ആരാധനയോടുംകൂടിയാണ് സമ്മേളനം ആരംഭിച്ചതു്. സമ്മേളനത്തിൽ ജനറൽ സെക്രട്ടറി റവ. പാർക്ക് സംഗ്ജംഗ് റിപ്പോർട്ടുവായിച്ചു. തുടർന്നു വിവിധ സബ് കമ്മററികളുടെ റിപ്പോർട്ടുകൾ അതാതു കമ്മററികളുടെ സെക്രട്ടറിമാർ വായിച്ചു. ജനറൽ കമ്മററി മെമ്പറന്മാർ അവരുടെ റിപ്പോർട്ടുകളും അവതരിപ്പിച്ചു. വിവിധ ചർച്ചകൾക്കുശേഷം പ്രത്യേക ശുശ്രൂഷയോടുകൂടി 29–ാം തീയതി സമ്മേളനം അവസാനിച്ചു.


## സ്ളീബാദാസ സമൂഹം

### 63–ാം വാർഷികം കാർത്തികപ്പള്ളി പള്ളിയിൽ

സ്ളീബാദാസ മിഷനറി സമൂഹത്തിന്റെ 63–ാം വാർഷികോത്സവം കാർത്തികപ്പള്ളി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽവച്ച് 1987 സെപ്തംബർ 14-ാം തീയതി ഉച്ചകഴിഞ്ഞു് 2 മണിക്ക് സമൂഹാദ്ധ്യക്ഷൻ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുന്നതാണ്. ഫാ. തോമസ് മാത്യു, ഫാ. ടി. പി. ഏലിയാസ്, ഫാ. ഒ. തോമസ്, പ്രൊഫ. വറുഗീസ് പടിയറ എന്നിവർ പ്രസംഗിക്കും. യോഗത്തിൽ സ്തോത്ര വഴിപാട് എടുക്കുന്നതും, ഒരു വമ്പിച്ച ഘോഷയാത്ര ഉണ്ടായിരിക്കുന്നതുമാണ്.

വാർഷികത്തിനുമുമ്പ് 11 വെള്ളി, 12 ശനി എന്നീ ദിവസങ്ങളിൽ സ്ളീബാ ദാസന്മാർക്കും സുവിശേഷകന്മാർക്കും ധ്യാനവും ക്ളാസ്സും ഉണ്ടായിരിക്കും.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



W. തോമസ്, എ. തോമസ്, പി.,ബി. ഭവൻ.



ഷൈനി ജേക്കബ്, ഷാജി ജേക്കബ്, ചങ്കത്തിൽ.



സി. സി. ബേബി. തങ്കമ്മ ചാക്കോ.



## പ്രൊഫ. സഖറിയ പ്രിൻസിപ്പൽ

ഓർത്തഡോക്സ് തിയോളജിക്കൽ സിമ്മനാരിയിൽ ഇംഗ്ലീഷ് പ്രൊഫസറായി സേവനമനുഷ്ഠിച്ചിരുന്ന പ്രൊഫ. ററി. ഓ. സഖറിയ (വേണാട്ടു കളത്തിൽ) ബ്രഹ്മവാർ സെൻറ് മേരീസ് ഒന്നാം ഗ്രേഡ് കോളേജിൻെറ പ്രിൻസിപ്പലായി നിയമിതനായി. കർണ്ണാടക സ്റ്റേററിൽപെട്ട ബ്രഹ്മവാറിലുള്ള ഈ കോളജ്, ഓർത്തഡോക്സ് സിറിയൻ എഡ്യൂക്കേഷൻ സൊസൈററി വകയാണ്. ബ്രഹ്മവാർ ഇടവകകളുടെ വികാരി ജനറൽ വെരി.റവ. ഡോ.എൻ. ജെ. തോമസ് റമ്പാനാണ് കോളജിൻെറ മാനേജർ. പ്രൊഫ. സഖറിയാ 1969 മുതൽ 78 വരെ കോട്ടയം സി. എം. എസ്. കോളജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായും, 78 മുതൽ 86 വരെ നൈജീരിയായിൽ സീനിയർ എഡ്യൂക്കേഷൻഓഫീസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഹൈദരാബാദിലുള്ള സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസിൽ നിന്നും ഇംഗ്ലണ്ടിലുള്ള ലാംഗ്വേജസ് ഇൻസ്റ്റിററ്യൂട്ടിൽ നിന്നും ഇംഗ്ലീഷ് ഭാഷാധ്യാപനത്തിൽ പ്രത്യേക പഠനം നടത്തിയിട്ടുള്ള ആളാണ് മി. സഖറിയാ.

## ബൈബിൾ സൗജന്യനിരക്കിൽ

27 രൂപാ കൊടുത്ത് ബൈബിൾ വാങ്ങുന്നതിന് സാമ്പത്തികമായി വിഷമിക്കുന്നവക്ക് പന്ത്രണ്ടര രൂപയ്ക്കു് ഒരു ബൈബിളും രണ്ടര രൂപയ്ക്കു് സങ്കീർത്തനംചേർന്ന പുതിയ നിയമവും ലഭിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചിരിക്കുന്നു. ഈ സൗജന്യനിരക്കിൽ ബൈബിൾ ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ ടി തുക റവ. ഫാ. എം. സി. കുര്യൻ മുണ്ടുകോട്ടയ്ക്കൽ, റാന്നി എന്ന മേൽവിലാസത്തിൽ മണിഓർഡറായോ റാന്നിയിലെ ഏതെങ്കിലും ബാങ്കിലേക്കു് ഡ്രാഫ്ററായോ അയച്ചു കൊടുക്കണം.

പണം കിട്ടുന്ന മുറയ്ക്കു് പുസ്തകം ബ. അച്ചനിൽ നിന്നു നേരിട്ടോ, ഭദ്രാസന കേന്ദ്രങ്ങളിൽ നിന്നോ, ബൈബിൾ സൊസൈററിയിൽ നിന്നോ, ചിങ്ങവനത്ത് പാലക്കുടിയിൽ മി. ചാണ്ടിയുടെ വസതിയിൽ നിന്നോ ലഭിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യുന്നതായിരിക്കും. പണം അയയ്ക്കുമ്പോൾ ബൈബിൾ എവിടെ നിന്നു ലഭിക്കുന്നതാണ് സൗകര്യം എന്നറിയിച്ചാൽ നന്നായിരിക്കും.

ഈ പദ്ധതിയുടെ വിജയത്തിന് സാമ്പത്തികകഴിവുള്ളവർ മുഴവൻ തുകയ്ക്കു് ബൈബിൾ വാങ്ങിയും സംഭാവനകൾ നൽകിയും സഹായിക്കണമെന്ന് ഫാ. കുര്യൻ അറിയിക്കുന്നു.

## പട്ടം കൊട

ചെങ്ങമനാട്ട് ബേത്ലഹേം ആശ്രമാംഗം ഡീക്കൻ കെ. സഖറിയായിക്ക് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി ജൂലൈ 18–ാം തിയതി ആശ്രമ ചാപ്പലിൽ വച്ച് കശ്ശീശാ പട്ടം നൽകി.

## യൂണിററ് ഉദ്ഘാടനം

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം പത്തനാപുരം സെൻറ് സ്റ്റീഫൻസ് കോളേജ് യൂണിററിൻെറയും മൗണ്ട് താബോർ ട്രെയിനിംഗ് കോളേജ് യൂണിററിൻെറയും ഈ വർഷത്തെ പ്രവർത്തന പരിപാടികളുടെ ഉദ്ഘാടനം ജൂലൈ 24–ാം തിയതി വെള്ളിയാഴ്ച പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

## സ്കൂൾ അദ്ധ്യാപകസമ്മേളനം

വളരുന്ന തലമുറയെ സമൂഹത്തിന്റെ നന്മയ്ക്കായി ഒരുക്കുവാനുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് അദ്ധ്യാപകനിൽ നിക്ഷിപ്തമായിരിക്കുന്നതെന്നും മാതൃകാജീവിതവും അർപ്പണമനോഭാവവും വിശ്വസ്തതയും കഠിനാദ്ധ്വാനവും കൈമുതലായുള്ള അദ്ധ്യാപകർക്കു മാത്രമേ ഈ വലിയ ചുമതല നിവർത്തിക്കുവാൻ സാധിക്കുകയുള്ളുവെന്നും ഇത്തരത്തിലുള്ള അദ്ധ്യാപകരെയാണ് സമൂഹം ഇന്ന് പ്രതീക്ഷിക്കുന്നതെന്നും ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങളായിട്ടുള്ള അദ്ധ്യാപകർക്കുവേണ്ടി കോട്ടയം എം. ഡി. സെമ്മിനാരി ഹൈസ്കൂളിൽ നടത്തപ്പെട്ട ഏകദിന സമ്മേളനം ഉത്ഘാടനം ചെയ്തു കൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജോസഫ് മാർപക്കോമിയോസ് മെത്രാപ്പോലിത്താ അദ്ധ്യക്ഷത വഹിച്ചു. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ, പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് സ്വാഗതവും സെക്രട്ടറി ഫാ. തോമസ് കുര്യൻ കൃതജ്ഞതയും പ്രകാശിപ്പിച്ചു. തുടർന്ന് ആധുനികവിദ്യാഭ്യാസത്തിൽ ക്രിസ്തീയമൂല്യങ്ങൾക്കുള്ള പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി പ്രൊഫ. കെ. എം. തരകനും ' ഒരു നല്ല അദ്ധ്യാപകൻ ആര്, എങ്ങനെ എന്ന വിഷയത്തെപ്പററി റവ. ഡോ. ററി. ജെ. തോമസും ക്ലാസ്സുകൾ എടുത്തു.

## വിദ്യാർത്ഥിപ്രസ്ഥാനം

ഓത്തഡോക്സ് വിദ്യാത്ഥി പ്രസ്ഥാനം ജനറൽ അസംബ്ളിയും നേതൃത്വപരിശീലന ക്യാമ്പും ആഗസ്റ്റ് 8, 9 തീയതികളിൽ കോട്ടയം പഴയ സെമ്മിനാരിയിലെ സോഫിയാ സെൻററിൽ നടന്നു. ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ്, പൌലോസ് മാർ മിലിത്തിയോസ് എന്നീ തിരുമേനിമാരും ഫാ. ടി. ജെ. ജോഷ്വാ മുതലായവരും നേതൃത്വം നല്കി. അസംബ്ളി കഴിഞ്ഞ വഷത്തെ പ്രവത്തന റിപ്പോർട്ടും വരവു ചെലവു കണക്കുകളും അംഗീകരിക്കുകയും, പുതിയ വഷത്തെ പ്രവത്തന പരിപാടികൾ തയ്യാറാക്കുകയും, പുതിയ കേന്ദ്ര ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

## മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യുക്കേഷൻ ആൻഡ് സോഷ്യൽ സർവീസ് സൊസൈററി

### അംഗത്വം എടുത്തിട്ടുളളവരുടെ പേരുവിവരം

| | |
|---|---|
| തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പാ, ചെങ്ങന്നൂർ | 1020 00 |
| കെ. സി. ഉമ്മൻ കോറെപ്പിസ്ക്കോപ്പ ആറാട്ടുപുഴ. | 1020 00 |
| പി. സി. ഏബ്രഹാം, പടിഞ്ഞാറേക്കര, കോട്ടയം. | 1020 00 |
| പോൾ മത്തായി, മാവേലിക്കര. | 1020 00 |
| റോണി ടി. ദാനിയേൽ, മാവേലിക്കര. | 1020 00 |
| കെ. പി. പൗലാസ്, കോലഞ്ചേരി. | 1020 00 |
| ചെറിയാൻ ആൻഡ്രൂസ്, പുതുപ്പള്ളി. | 1020 00 |
| ജോൺ വാഴപ്പള്ളി, തട്ടാരമ്പലം. | 1020 00 |
| എ. കെ. തോമസ്സ്, തിരുവനന്തപുരം. | 1020 00 |
| സഖറിയാ തോമസ്, മുളക്കുഴ. | 1020 0 |
| ജോസഫ് അലക്സാണ്ടർ തിരുവനന്തപുരം. | 1020 00 |

തുടരും.....

(സൊസൈററിയുടെ പേട്രൺ ആയ പ. കാതോലിക്കാബാവാ തിരുമേനി 1020 രൂപാ ഇതിലേക്ക് സംഭാവന നൽകി)

### തിരുവനന്തപുരം പള്ളിപൊതുയോഗം

തിരുവനന്തപുരം: കഴിഞ്ഞ പത്തു വഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന സെൻറ് ജോർജ് പള്ളി ഇടവക പൊതുയോഗം ജൂലൈ 5–ാംനു- ഞായറാഴ്ച വികാരി ഫാ. അലക്സാണ്ടർ വൈദ്യൻെറ അദ്ധ്യക്ഷതയിൽ ചേന്നു.

പുതിയ വഷത്തെ ട്രസ്റ്റിയായി കുര്യൻ തോമസിനെയും സെക്രട്ടറിയായി ജോസഫ് ഈപ്പനെയും യോഗം തിരഞ്ഞെടുത്തു.

ഫിലിപ്പ് കോശി, ഫിലിപ്പ് മാത്യു, ടി. ഒ. ജേക്കബ്, എം. പി. ഡേവിഡ്, എ. സി. മാമ്മൻ, പി. കെ. ജോൺ, പ്രൊ. കെ. എം. സഖറിയ, എം. ജെ. ജോൺ, ജോൺ കോശി, മോഹൻ സഖറിയാ മാത്യു, കെ. പി. മത്തായി, എം. സി. തോമസ്, വി. ജെ. ജോസഫ് എന്നിവരെ പള്ളി മാനേജിംഗ് കമ്മററി അംഗങ്ങളായും കുര്യൻ തോമസ്, ഇ. ജെ. മക്കോസ് എന്നിവരെ മെത്രാസന യോഗത്തിലേക്കുള്ള പ്രതിനിധികളായും തിരഞ്ഞെടുത്തു.

പൊതുയോഗം ചേരുന്നതിനെതിരെ ഇടവകയിലെ ചില തല്പര കക്ഷികൾ കോടതി മുഖേന നിരോധന ഉത്തരവുകൾ സമ്പാദിച്ച് പൊതുയോഗം പത്തു വഷങ്ങളായി നിരോധിച്ചിരിക്കുകയായിരുന്നു എന്നാൽ 1987 ജൂൺ 28–ാം തീയതി നിരോധനം നീക്കിയ കോടതി വിധിയെ ത്തുടന്നാണ് ജൂൺ 5–ാം തീയതി പൊതുയോഗം ചേന്നത്.

ഫാ. അലക്സാണ്ടർ വൈദ്യൻ തേവലക്കരെയാണ് പള്ളി വികാരി. അസിസ്റ്റൻറ് വികാരി ഫാ. ജേക്കബ് ചെറിയാനും (പത്തനാപുരം ദയറ).

### മാർ മിലിത്തിയോസ് എപ്പിസ്കോപ്പാ വൈസ് പ്രസിഡൻറ്

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാത്ഥി പ്രസ്ഥാനം കേന്ദ്രകമ്മററി വൈസ് പ്രസിഡൻറായി കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയെ തെരഞ്ഞെടുത്തു. 1987 ആഗസ്റ്റ് 9–ാം തീയതി കോട്ടയം സോഫിയാ സെൻററിൽ നടന്ന ജനറൽ അസംബ്ളിയിൽ വച്ചാണ് തെരഞ്ഞെടുപ്പ് നടന്നത്. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രസിഡൻറായും ഫാ. ജോൺ തോമസ് ജനറൽ സെക്രട്ടറിയായും ഈ. ജെ. മർക്കോസ് ട്രഷററായും തുടരും. പ്രിൻസ് വർഗീസ് തിരുവനന്തപുരം, റജീന തോമസ് പത്തനാപുരം (സ്റ്റുഡൻറ് വൈസ് പ്രസിഡൻറ്) അലക്സ് ബേബി കോതമംഗലം, ശാന്തി ശമുവേൽ പത്തനംതിട്ട (ജോ. സെക്രട്ടറി), പ്രൊ. ജോസഫ് കെ. അലക്സാണ്ടർ (സീനിയർ വൈസ് പ്രസിഡൻറ്) പ്രൊ. കെ. സി. ജോജ്ജ് (അസോസിയേററ് സെക്രട്ടറി) എന്നിവരെയും എക്സിക്യൂട്ടീവ് കമ്മററി അംഗങ്ങളായി ഐപ്പ് പി. സാം, ജോർജ്ജ് മാത്യു, ഫില്പി ചെറിയാൻ, ററി. സി. ബെന്നി, മിനി തോമസ്, പ്രൊ. ഡി. ഐ. നൈനാൻ, പ്രൊ. പി. സി. ഏലിയാസ്, സജീവ് തോമസ്, സിസ്റ്റർ സോഫിയാ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ഓത്തഡോക്സ് യൂത്ത് എഡിറേറാറിയൽ ബോർഡിലേക്ക് പ്രൊ. കെ. എം. കുറിയാക്കോസ്, ബിജു ജി. എന്നിവരെയും മിഷനറി ഫോറം സെക്രട്ടറി, ലിററെറി ഫോറം സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്ക് യഥാക്രമം യോഹന്നാൻ ശങ്കരത്തിൽ, മാത്യു പി. സി. എന്നിവരെയും തെരഞ്ഞെടുക്കുകയുണ്ടായി.

### തിരുച്ചിറപ്പള്ളി

തിരുച്ചിറപ്പള്ളിയിലുള്ള ഓത്തഡോക്സ് വിദ്യാത്ഥിനീ വിദ്യാത്ഥികളുടെ ഒരു കോൺഫറൻസ് ആഗസ്റ്റുമാസം 22, 23 തീയതികളിലായി പൊന്നയ്യാ സ്കൂളിൽ വച്ചു നടത്തപ്പെട്ടു. വിദ്യാത്ഥി പ്രസ്ഥാനം സെക്രട്ടറി ഫാ. ജോൺ തോമസ്, ഡീ. എം. സി. ചെറിയാൻ, ഡീ. കെ. ജി. അലക്സാണ്ടർ, വികാരി ഫാ. സ്ലീബാ കെ. ഏബ്രഹാം, പൊന്നയ്യാ സെക്കൻഡറി ആൻഡ് ട്രെയിനിംഗ് സ്കൂൾ പ്രിൻസിപ്പൽ ഫാ. മോസസ് ഏബ്രഹാം എന്നിവർ കോൺഫറൻസിനു നേതൃത്വം നൽകി.

### ഏഴാം ഓർമ്മപ്പെരുന്നാൾ



കോട്ടയം ഇടവകയുടെ കാലം ചെയ്ത മാത്യൂസ് മാർ ഈവാനിയോസ് തിരുമനസ്സിലെ ഏഴാം ഓമ്മപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിട്ടുള്ള പാമ്പാടി കുറിയാക്കോസ് ദയറായിൽ ആഗസ്റ്റ് 30, 31 തീയതികളിൽ കൊണ്ടാടി. 30–ാം തീയതി സന്ധ്യാനമസ്കാരത്തെ തുടന്ന് മാത്യൂസ് മാർ ബന്നബാസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു. 31–നു രാവിലെ പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ സാന്നിധ്യത്തിൽ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും റമ്പാൻമാരായ തേയോഫോറോസ്, ബർസ്ലീപ്പാ എന്നിവരും ചേന്ന് വി. മൂന്നിന്മേൽ കുബ്ബാന അപ്പിച്ചു. കുബ്ബാനമദ്ധ്യേ അത്താനാസ്യോസ് തിരുമേനി പ്രസംഗിച്ചു. തുടന്നു ധൂപപ്രാത്ഥനയും നേച്ചവിളമ്പും നടത്തപ്പെട്ടു.



## മാർത്തോമ്മാ പൈതൃകം പരിരക്ഷിക്കുക

### പ: കാതോലിക്കാബാവാ

സ്വതന്ത്രമായ ഭരണ സംവിധാനവും ആരാധനാ പാരമ്പര്യവും അവലംബിച്ച് മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകത്തിൽ അടിയുറച്ച് മുന്നേറണമെന്ന് പരി. ബസേലിയോസ് മാർത്തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

ചങ്ങനാശ്ശേരി അതി രൂപതയുടെ ശതാബ്ദിയാഘോഷങ്ങളുടെ സമാപനത്തോട് അനുബന്ധിച്ച് എസ്. ബി. കേളേജ് അങ്കണത്തിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പരി. ബാവാ.

അനുഗ്രഹീതമായ ഉത്തമനേതൃത്വം ദൈവം കാലാകാലങ്ങളിൽ ഈ രൂപതയ്ക്ക് നല്കി. അതിൻെറ അവിസ്മരണീയതകളാണ് ചങ്ങനാശ്ശേരിയുടെ ബഹുമുഖങ്ങളായ വളച്ചക്ക് മുതൽക്കൂട്ടായി നില്ക്കുന്നത്. വിദ്യാഭ്യാസ–ആതുര–ഭൗതിക മണ്ഡലങ്ങളിൽ രൂപത നല്കിയ നല്ല മാതൃകയെ പരി. ബാവാ ശ്ലാഘിച്ചു.

1983–ൽ വത്തിക്കാനിൽ മാർപാപ്പായെ സന്ദർശിച്ച അവസരത്തിൽ കർദ്ദിനാൾ ലൂർദ് സ്വാമിയെ പരിചയപ്പെടുവാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ ആ പരിചയം പുതുക്കുവാൻ കഴിഞ്ഞതിൽ പ. ബാവാ സന്തോഷം പ്രകടിപ്പിച്ചു.

'ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാനവനിലും വസിക്കുന്നു. എന്നിൽ വസിക്കുന്നവൻ വളരെ ഫലം കായ്ക്കും' എന്ന തിരുവചനം പ. ബാവാ ഉദ്ധരിച്ചു. അതിരൂപതയുടെ പ്രവത്തനങ്ങളെവിലയിരുത്തുമ്പോൾ അഭിമാനിക്കുവാൻ വകയുണ്ട്. എന്നാൽ ഇനിയും കൂടുതൽ കൂടുതൽ സൽഫലങ്ങളെ പുറപ്പെടുവിക്കുവാൻ ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് കഴിയട്ടെ! എന്നു പ. കാതോലിക്കാ ബാവാ ആശംസിച്ചു.

ചടങ്ങിൽ വത്തിക്കാനിലെ പൗരസ്ത്യ സംഘം അദ്ധ്യക്ഷൻ കർദ്ദിനാൾ ലൂർദ് സ്വാമി ശതാബ്ദി സന്ദേശം നല്കി. ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്, ബിഷപ്പ് കൊർണേലിയോസ്

ഇലഞ്ഞിക്കൽ, ജില്ലാ കലക്ടർ ലിസി ജേക്കബ് എം. സി. ജോസഫ് മണ്ണിപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

ശതാബ്ദിയാഘോഷ സമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിയ പ. ബാവായെ ബിഷപ്പ് ജോസഫ് പവ്വത്തിൽ, ജോസഫ് മണ്ണിപറമ്പിൽ, ജെയിംസ് സെബാസ്റ്റ്യൻ എന്നിവർ ചേർന്ന് സ്വീകരിച്ചാനയിച്ചു.

## നവവൈദികൻ



ജൂൺ 20–ാം തിയതി തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാപട്ടം സ്വീകരിച്ച മൈക്കിൾ റാച്ചർ.

ഇദ്ദേഹം 21–ാം തീയതി നവപൂജ അർപ്പിച്ചു. ശബ്ദമാധുര്യത്തിലും വാക്സ്ഫുടതയിലും മുക്തകണ്ഠമായപ്രശംസ അദ്ദേഹം ആരാധനയിൽ സംബന്ധിച്ചവരിൽ നിന്നു പിടിച്ചുപററി. മക്കാറിയോസ് തിരുമേനിയും ബ. കുര്യൻ തോട്ടുപുറം കോറെപ്പിസ്കോപ്പായുമാണ് നവവൈദികനെ വി. കുബ്ബാനയും മററും ചൊല്ലുന്നതിന് പരിചയിപ്പിച്ചിരുന്നത്.

അമേരിക്ക സന്ദർശിച്ചുകൊണ്ടിരുന്ന കോട്ടയം ഇടവകയുടെ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഫാ. മൈക്കിൾ അർപ്പിച്ച കുബ്ബാനയിൽ സംബന്ധിച്ചു. ഫാ. മൈക്കിളിനെപ്പററി തിരുമേനി പറഞ്ഞതു് ''ദൈവം'' സമസ്തുരയി കരുതിയിരുന്ന ഒരു ഉത്തമ വൈദികൻ എന്നാണ്. തിരുമേനി ഫാ. മൈക്കിളിന് ആശംസകൾ നേരുകയുണ്ടായി.

## ക്രൈസ്തവ സഭകൾ പ്രവാചകചൈതന്യത്തോടെ ഒന്നിച്ചു നിൽക്കണം.

ബിഷപ്പ് യേശുദാസൻ

കടുത്ത ആത്മീയത സഭയുടെ ലോകത്തിലെ ദൗത്യം വിസ്മരിക്കുവാൻ പ്രേരിപ്പിക്കുന്ന പ്രവണത ദുരീകരിച്ച് ദൈവ രാജ്യോന്മുഖമായി പ്രയത്നിക്കുവാൻ ക്രൈസ്തവസഭകൾ പ്രവാചകന്മാരുടെ ചൈതന്യത്തോടെ ഒന്നിച്ചു നീങ്ങുന്നതാണ് ഇന്നത്തെ ആവശ്യമെന്ന് ദക്ഷിണേന്ത്യൻ സഭയുടെ മോഡറേററർ ബിഷപ്പ് യേശുദാസൻ അനുസ്മരിച്ചു.

കേരള സഭകൾ ''ആനുകാലിക മേഖലകളിലെ പ്രവാചകദൗത്യം'' എന്ന വിഷയത്തെപ്പററി കേരള കൗൺസിൽ ഓഫ് ചർച്ചസ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച എക്യുമിനിക്കൽ സമ്മേളനം ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കെ. സി. സി. പ്രസിഡൻറ് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

പീലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്താ, റവ. എം. സുസപ്പൻ, ഡോ. സി. എ. നൈനാൻ എന്നിവർ ആശംസാപ്രസംഗം നടത്തി. കെ. സി. സി. പ്രസിഡൻറ് എം. കുര്യൻ സ്വാഗതവും കൺവീനർ റവ. ഉമ്മൻ വർഗീസ് കൃതജ്ഞതയും പറഞ്ഞു. തിരുവനന്തപുരത്തെ എക്യുമിനിക്കൽ പ്രവർത്തനങ്ങൾക്ക് ഒരു കമ്മററിയേയും തെരഞ്ഞെടുത്തു.


MATRIMONIAL

Proposals invited from parents of Orthodox / Jacobite girl below 26 well qualified preferably employed for Orthodox Engineer boy white 28/161 cm employed in Kerala Government service.

Box No. 131
C/o Malankara Sabha
Kottayam-38.




# മാസികാ വായനക്കാർക്കൊരു സുവാർത്ത

## കത്തെഴുത്തു മൽസരം

**കത്ത് വായിച്ച് മറുപടി അയയ്ക്കുക. തിരഞ്ഞെടുക്കുന്ന കത്ത് പ്രസിദ്ധീകരിക്കും.**

**സമ്മാനമായി 100 രൂപയും ലഭിക്കും**

കുടിശ്ശികയില്ലാത്ത മലങ്കരസഭാ വായനക്കാർക്കുമാത്രം പങ്കുചേരാം. ഒരു നമ്പറിൽ ഒന്നിൽ അധികം പേർക്ക് ചേരാം. ഒരു കുടുംബത്തിലെ ആർക്കുവേണമെങ്കിലും പങ്കെടുക്കാം. (പിതാവ്, മാതാവ്, മക്കൾ). കുടിശ്ശികയുള്ളവർ ഉത്തരം ലഭിക്കേണ്ട അവസാന തീയതിക്കു മുമ്പായി കുടിശ്ശിക തീർത്ത് മത്സരത്തിൽ പങ്കുചേരുക. മത്സരത്തിൽ തിരഞ്ഞെടുക്കുന്ന കത്തിനുള്ള സമ്മാനമായി 100 രൂപാ നൽകുന്നതായിരിക്കും.

**കത്ത് ആരുടെ? ആർക്ക് മറുപടി അയയ്ക്കണം?**

പ. പൗലോസ് ശ്ലീഹാ ഫിലേമോന് എഴുതിയ കത്താണ് വായിക്കേണ്ടതു്. കത്തു് വായിച്ചിട്ട് ഫിലേമോൻ പൗലോസിന് അയയ്ക്കുന്ന മറുപടി നിങ്ങളുടെ ഭാവനയിൽനിന്നും കത്തു രൂപത്തിൽ അയയ്ക്കുക.

**നിങ്ങളുടെ കത്തുകൾ നവംബർ 30–ാം തീയതിക്കു മുമ്പായി ഡീക്കൻ എം. സി. ചെറിയാൻ, ഓർത്തഡോക്സ് സ്ററുഡൻറ്സ് സെൻറർ, തിരുവനന്തപുരം–695 001 എന്ന വിലാസത്തിൽ അയയ്ക്കണം.**

**ഈ കത്തിനോടു കൂടി താഴെ കുറിച്ചിട്ടുള്ളവിധം പ്രവേശനഫാറം പൂരിപ്പിച്ച് അയക്കണം**

1. പേര്............... 2. വിലാസം...........
3. ഭദ്രാസനം........... 4. രജി: നമ്പർ.........
5. മാസിക നിങ്ങളുടെ പേരിലാണോ വരുന്നതു് അതെ / അല്ല. അല്ലായെങ്കിൽ ആരുടെ പേരിൽ [പിതാവ് / മാതാവ് / സഹോദരർ]

ഒരു രജി: നമ്പറിൽ ഈ ബന്ധത്തിലുള്ള ആർക്കും പങ്കെടുക്കുവാൻ സാധിക്കും.

മാസിക കുടിശ്ശിക ഉള്ളവർക്കും പങ്കെടുക്കുക സാധ്യമല്ല.

(ഉത്തരം അയയ്ക്കും മുൻപ് കുടിശ്ശിക തീർക്കുക)!

പ്രവേശനഫാറം ഒരു കടലാസിൽ എഴുതി ഉത്തരത്തോടൊപ്പം അയക്കണം. നിങ്ങൾക്കുവരുന്ന മാസികയുടെ പുറത്ത് നിങ്ങളുടെ വിലാസത്തിൻെറ ഇടതു വശത്തുള്ള നമ്പറാണ് നിങ്ങളുടെ രജി: നമ്പർ.

ഉത്തരം അയയ്ക്കുന്ന കവറിൽ ''ഫിലോമോൻെറ ലേഖനം'' എന്നു കൂടി കാണിച്ചിരിക്കണം

ആവശ്യത്തിനു സ്റ്റാമ്പ് ഒട്ടിച്ച് അയയ്ക്കുന്നില്ലായെങ്കിൽ (കൂലി അടിച്ചു വന്നാൽ) ഉത്തരം കൈപ്പററുന്നതല്ല.

നിങ്ങളുടെ ഉത്തരം നവം: 30 നകം റവ. ഡീക്കൻ എം. സി. ചെറിയാൻ, ഓർത്തഡോക്സ് സ്റ്റുഡൻറ് സെൻറർ, തിരുവനന്തപുരം–695001 എന്ന വിലാസത്തിൽ അയയ്ക്കുക.

തിരഞ്ഞെടുക്കപ്പെടുന്നവ മാസികയിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. വിജയികൾക്ക് ജനുവരി 3–ാം തീയതി ദേവലോകം അരമനയിൽ വച്ച് സമ്മാനം നൽകും.

ഇപ്പോൾ ഒന്നാം സമ്മാനമായി 100 രൂപയാണ് ഉദ്ദേശിക്കുന്നതു്. [വായനക്കാർക്ക് സമ്മാനം കൊടുക്കുവാനുള്ള അവസരം തരുന്നു. 250 രൂപാ അടയ്ക്കുന്നവരുടെ പേരിൽ ഒന്നാം സമ്മാനവും 100 രൂപാ വീതം അടയ്ക്കുന്ന രണ്ടുപേർക്ക് രണ്ടു പ്രോത്സാഹന സമ്മാനങ്ങളും കൊടുക്കുവാൻ സാധിക്കും. ഈ തുക കൊടുക്കുവാൻ ആരും ഇല്ലായെങ്കിൽ ഒരു സമ്മാനമേ കാണുകയുള്ളു]

സമ്മാനം കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ Fr. T.G. Zacharia, Manager, Malankara Sabha Magazine Catholicate Office, Kottayam-38 എന്ന വിലാസത്തിൽ അറിയിക്കണം.

(സ്ഥലപരിമിതി മൂലം ഈ ലക്കത്തിൽ ബൈബിൾപഠനം ചേർക്കുന്നതിന് സാധിച്ചിട്ടില്ല)

## അഭിനവ കോറെപ്പിസ്കോപ്പാമാർ



കെ. ഐസക്ക്
കോർ എപ്പിസ്ക്കോപ്പാ

ഇവക്ക് ജൂൺ 12–ാം തീയതി പുത്തൂർ സെ. പീറ്റേർസ് പള്ളിയിൽ വച്ച് പ. കാതോലിക്കാബാവാ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമേനി കോറെപ്പിസ്ക്കോപ്പാ പട്ടം നൽകി.



കെ. ഗീവറുഗീസ്
കോർ എപ്പിസ്ക്കോപ്പാ

### വൈദികചരമം



റവ. ഫാ. വി. സി. അബ്രഹാം (86) വെള്ളാട്ടേടത്ത് (വയലത്തല) കൈപ്പട്ടൂർ ആശുപത്രിയിൽ വച്ച് 22–8–87–ൽ ശനിയാഴ്ച നിര്യാതനായി. 23–ാംനു ഞായർ 4 മണിക്ക് പ. കാതോലിക്കാബാവ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും മററുതിരുമേനിമാരുടെയും നിരവധി പട്ടക്കാരുടെയും കന്യാസ്ത്രീകളുടെയും പരേതൻ സേവനം അനുഷ്ഠിച്ചിട്ടുള്ള ഇടവകകളിലെ വലിയൊരു കൂട്ടം ആളുകളുടെയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരം വയലത്തല സ്ലീബാ പള്ളി സെമിത്തേരിയിൽ നടന്നു, പരേതൻ ടിനിററി ആശ്രമത്തിൻെറ ആദ്യ സുപ്പീരിയർ ആയിരുന്നു.

### ഓണവാര സുവിശേഷഘോഷണം

സെ. പോംസ് സുവിശേഷ സംഘത്തിൻെറ ആഭിമുഖ്യത്തിൽ കടശ്ശനാട്ട് സെ. സ്റ്റീഫൻസ് കത്തീഡ്രലിൽ വച്ചും കുന്നം, സെ. ജോർജ്ജ് പള്ളിയിൽ വച്ചും സെപ്റ്റംബർ 6, 7, 8 തീയതികളിൽ ഓണവാര സുവിശേഷഘോഷണം നടത്തി.

കടശ്ശനാട്ട നടന്ന പരിപാടികൾക്ക് പി. എം. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ നേതൃത്വം നൽകി. പരസ്യസുവിശേഷ യോഗങ്ങളിൽ മാർ ഒസ്താത്തിയോസ് തിരുമേനി, പി. എം. ജോർജ്ജ് കോറെപ്പിസ്കോപ്പാ, ഫാ. ജോൺ ദാനിയേൽ, മാർ എപ്പിപ്പാനിയോസ് എപ്പിസ്കോപ്പാ, ഫാ. വർഗീസ് ജോൺ, തോമസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ, ഫാ. ജി. ജോൺ, രാജു പാപ്പച്ചൻ, ററി. പാപ്പച്ചൻ എന്നിവർ പ്രസംഗിച്ചു.

കുന്നം പള്ളിയുടെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങുകൾക്ക് ഫാ. ജി. നൈനാൻ നേതൃത്വം നൽകി. നിയുക്ത കാതോലിക്കാ മാർ കൂറിലോസ്, മാർ എപ്പിപ്പാനിയോസ് എന്നീ തിരുമേനിമാരും ഫാ. ജി. നൈനാൻ, ഫാ. ഒ. തോമസ്, ഫാ. മാത്യു വൈദ്യൻ, ഫാ. വർഗീസ് ജോൺ, ഫാ. വി. ഏ. മത്യൂസ്, ഫാ. ജി. ജോൺ, ഡീ. ഓ. പി. വർഗീസ്, ററി. പാപ്പച്ചൻ എന്നിവരും പ്രസംഗിച്ചു.

—൦—



കോട്ടയം ബസേലിയോസ് കോളജ് സ്ററാഫ് അസ്സോസിയേഷൻ ഉത്ഘാടനം ചെയ്യുന്നതിനെത്തിയ പ. കാതോലിക്കാബാവായെ പ്രിൻസിപ്പൽ ഇ. ജെ. ജോൺ ഹാരാർപ്പണം ചെയ്ത് സ്വീകരിക്കുന്നു. കോട്ടയം പോലീസ് സൂപ്രണ്ട് എം. സി ഗീവറുഗീസ്, സ്റ്റാഫ് അസ്സോസിയേഷൻ സെക്രട്ടറി പി. സി. ഏലിയാസ് എന്നിവരെയും കാണാം.



എം. ജി. ഒ., സി. എസ്. എം. സ്കൂൾ അദ്ധ്യാപകർക്കുവേണ്ടി കോട്ടയം എം. ഡി. ഹൈസ്കൂളിൽ നടത്തിയ സമ്മേളനം ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്യുന്നു. ഫാ. ജോൺ തോമസ്, പൗലോസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, കെ. സി. ഉമ്മൻകോർ എപ്പിസ്കോപ്പാ, പ്രൊഫ. ജോസഫ് അലക്സാണ്ടർ, ഫാ. തോമസ് കുര്യൻ എന്നിവരാണ് വേദിയിൽ.



**അഭിനവ റമ്പാന്മാർ**

**വലത്തുനിന്ന്: തേയോഫോറോസ്, സിറിൽ, ബർസൗമ്മാ, ബസ്കീപ്പാ**

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686 038

## FOR FAVOURS RECEIVED



A FIRM BELIEVER
U. S. A.

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
... Editor: Very Rev. Ramban Dr. N. J. Thomas